സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 23 ശനി
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

പ്രസംഗത്തിനിടെ അനൗൺസ്മെന്റ് തടസം: കുപിതനായി ഇറങ്ങിപ്പോയതല്ല, വിശദീകരിച്ച് മുഖ്യമന്ത്രി

കാസർകോട്: ബേഡഡുക്ക സർവീസ് സഹകരണ ബാങ്ക് കെട്ടിട ഉദ്ഘാടന ചടങ്ങിനിടെ കുപിതനായി ഇറങ്ങിപ്പോയതല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പിണങ്ങിപ്പോയെന്നത് മാധ്യമസൃഷ്ടിയാണെന്നും തനിക്കുണ്ടായ ബുദ്ധിമുട്ട് സംഘാടകരെ അറിയിക്കുകയായിരുന്നു താൻ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

'താൻ പിണങ്ങിപ്പോവുകയോ ക്ഷുഭിതനാവുകയോ ചെയ്തിട്ടില്ല. എനിക്കുണ്ടായ ബുധിമുട്ട് പറയുക മാത്രമാണ് ചെയ്തത്.

പിണങ്ങിപ്പോയി എന്നത് മാധ്യമ സൃഷ്ടിയാണ്' മുഖ്യമന്ത്രി കാസർകോട് പ്രതികരിച്ചു.

അതിനിടെ യൂത്ത് കോൺഗ്രസ് കാസർകോട് ജില്ലാ പ്രസിഡന്റ് പ്രദീപ് കുമാറിനെ പൊലീസ് കരുതൽ തടങ്കലിൽ പ്രവേശിപ്പിച്ചു. മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി കാണിക്കാൻ സാധ്യതയുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പെരിയയിൽ നിന്നാണ് പൊലീസ് ഇദ്ദേഹത്തെ കരുതൽ തടങ്കലിൽ എടുത്തത്.

കെട്ടിടം ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നുവെന്ന് മുഖ്യമന്ത്രി പ്രസംഗത്തിനിടെ പറഞ്ഞിരുന്നു. ഇതിന് ശേഷം തുടർന്ന് സംസാരിക്കുന്നതിന് മുൻപ് തന്നെ കെട്ടിട നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച എഞ്ചിനീയർമാരുടെ പേര് പറഞ്ഞുകൊണ്ട് അനൗൺസ്മെന്റ് ഉയർന്നു.

ചെവി കേട്ടുകൂടെന്നാണ് തോന്നുന്നതെന്ന് മൈക്കിന് മുന്നിൽ നിന്ന് പറഞ്ഞ മുഖ്യമന്ത്രി പിണറായി വിജയൻ ഇതൊന്നും ശരിയായ കാര്യമല്ലെന്ന് പറഞ്ഞ് വേദി വിട്ട് പുറത്തേക്ക് പോവുകയായിരുന്നു. സിപിഎം നേതാക്കൾ അദ്ദേഹത്തെ അനുഗമിച്ചു. വേദിക്കടുത്തുണ്ടായിരുന്ന കാറിൽ കയറി അദ്ദേഹം പോവുകയും ചെയ്തു.

ബേഡഡുക്ക കാസർകോട് ജില്ലയിലെ സിപിഎം ശക്തികേന്ദ്രങ്ങളിൽ ഒന്നാണ് ഇവിടെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സിപിഎം നേതൃത്വത്തിലുള്ള ബാങ്കിന്റെ കെട്ടിട ഉദ്ഘാടന ചടങ്ങിനാണ് അദ്ദേഹം എത്തിയത്.

സിപിഎം കാസർകോട് ജില്ലാ സെക്രട്ടറി ബാലകൃഷ്ണൻ, ഉദുമ എംഎൽഎ സിഎച്ച് കുഞ്ഞമ്പു പരിപാടിയിൽ അദ്ദേഹത്തോടൊപ്പം പങ്കെടുത്തിരുന്നു.

സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടലിനെയും കരുവന്നൂർ ബാങ്കിലടക്കം നടക്കുന്ന ഇഡി പരിശോധനയെയും പരോക്ഷമായി വിമർശിച്ചാണ് വേദിയിൽ മുഖ്യമന്ത്രി സംസാരിച്ചത്.

മന്ത്രി വീണാ ജോർജിനെതിരായ അധിക്ഷേപം: കെ.എം. ഷാജിക്കെതിരേ വനിതാ കമ്മിഷൻ കേസെടുത്തു

തിരുവനന്തപുരം: ആരോഗ്യമന്ത്രി വീണാ ജോർജിനെതിരേ സ്ത്രീവിരുദ്ധ അധിക്ഷേപം നടത്തിയെന്നാരോപിച്ച് മുസ്ലിം ലീഗ് നേതാവ് കെ.എം. ഷാജിക്കെതിരേ കേരള വനിതാ കമ്മിഷൻ കേസ് രജിസ്റ്റർ ചെയ്തു.

അധിക്ഷേപ പ്രസംഗം സംബന്ധിച്ച് മലപ്പുറം ജില്ലാ പൊലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടതായി വനിത കമ്മിഷൻ അധ്യക്ഷ അഡ്വ.പി. സതീദേവി പറഞ്ഞു.

മന്ത്രി വീണാ ജോർജിനെതിരെ നടത്തിയ പ്രസ്താവന അങ്ങേയറ്റം സ്ത്രീവിരുദ്ധവും പ്രതിഷേധാർഹവുമാണ്. തന്റെ കർമ്മ രംഗത്ത് ശക്തമായ ഇടപെടലുകൾ നടത്തുകയും മികച്ച രീതിയിൽ ജനപിന്തുണ നേടുകയും ചെയ്ത ഒരു സ്ത്രീയെയാണ് തികച്ചും വൃത്തികെട്ട രീതിയിലുള്ള പദപ്രയോഗങ്ങൾ ഉപയോഗിച്ചുകൊണ്ട് കെ.എം. ഷാജി അപമാനിച്ചിരിക്കുന്നത്. ഇത്തരത്തിൽ രാഷ്ട്രീയ അശ്ലീലം വിളമ്പുന്ന ആളുകൾക്കെതിരെ ശക്തമായ പ്രതിഷേധമുയർന്നു വരേണ്ടതുണ്ട്. അനുചിതമായ പ്രസ്താവനയിൽ ഉപയോഗിച്ച 'സാധനം' എന്ന വാക്കു തന്നെ മതി അദ്ദേഹം ഏത് രീതിയിലാണ് സ്ത്രീ സമൂഹത്തെ കാണുന്നത് എന്ന് തെളിയിക്കാൻ.

മുൻപ് നമ്പൂതിരി സമുദായത്തിനിടയിൽ ഉണ്ടായിരുന്ന സ്മാർത്തവിചാരം എന്ന മനുഷ്യത്വ വിരുദ്ധമായ വിചാരണ രീതിയിൽ കുറ്റാരോപിതയായ സ്ത്രീയെ വിളിക്കുന്ന പേരായിരുന്നു 'സാധനം' എന്നത്. കെ.എം. ഷാജിയെ പോലെയുള്ളവരുടെ മനസിൽ നിന്നും തികട്ടിവരുന്ന ഫ്യൂഡൽ മാടമ്പിത്തരത്തിന്റെ പ്രതിഫലനമാണ് ഇത്തരം സ്ത്രീവിരുദ്ധ പരാമർശങ്ങൾ. ആധുനിക കാലത്തും പിന്തിരിപ്പൻ ചിന്താഗതി വച്ച് പുലർത്തുന്ന കെ.എം. ഷാജിയെ പോലുള്ളവരെ ഒറ്റപ്പെടുത്താൻ സമൂഹം തയാറാവണമെന്നും വനിതാ കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

'പാകിസ്ഥാൻ നിരന്തര പ്രശ്നക്കാർ; ആഭ്യന്തര വിഷയങ്ങളിൽ പ്രതികരിക്കേണ്ടെന്ന്' ഇന്ത്യ

ന്യൂഡെൽഹി: ജമ്മു കശ്മീർ വിഷയത്തിൽ ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭയിൽ പാകിസ്ഥാനെതിരെ നിലപാട് കടുപ്പിച്ചു ഇന്ത്യ. പാക് കാവൽ പ്രധാനമന്ത്രി അൻവറുൽ ഹഖ് കക്കർ കശ്മീർ വിഷയം യുഎന്നിൽ ഉയർത്തിയതിന് പിന്നാലെയാണ് ഇന്ത്യയുടെ രൂക്ഷമായ പ്രതികരണമുണ്ടായത്. രാജ്യത്തിന്റെ ആഭ്യന്തര വിഷയങ്ങളിൽ പാകിസ്ഥാൻ പ്രതികരിക്കേണ്ടെന്നും ജമ്മു കശ്മീരും ലഡാക്കും പൂർണമായും ഇന്ത്യയുടെ ആഭ്യന്തര വിഷയങ്ങളാണെന്നും യുഎന്നിൽ പാകിസ്ഥാന് മറുപടിയായി ഇന്ത്യ വ്യക്തമാക്കി. രണ്ടു അയൽരാജ്യങ്ങളും തമ്മിലുള്ള സമാധാനത്തിന്റെ താക്കോൽ കശ്മീരാണെന്നായിരുന്നു ഇന്നലെ അൻവറുൽ ഹഖ് കക്കർ പറഞ്ഞത്.

'കേന്ദ്രഭരണ പ്രദേശങ്ങളായ ജമ്മുവും കശ്മീരും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. ജമ്മുവിലേയും കശ്മീരിലെയും ലഡാക്കിലേയും വിഷയങ്ങൾ പൂർണമായും ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളാണ്. അതിൽ പാകിസ്ഥാന് അഭിപ്രായം പറയാൻ അവകാശമില്ല. ഇന്ത്യക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചു പാകിസ്ഥാൻ നിരന്തര പ്രശ്നക്കാരായി മാറിയിരിക്കുകയാണ്'- യുഎന്നിലെ യുഎൻജിഎ രണ്ടാം കമ്മിറ്റിയുടെ പ്രഥമ സെക്രട്ടറി പെറ്റൽ ഗലോട്ട് പറഞ്ഞു.

പാകിസ്ഥാനിൽ ന്യൂനപക്ഷങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളെ കുറിച്ചും പെറ്റൽ സംസാരിച്ചു. ഓഗസ്റ്റിൽ പാകിസ്ഥാനിലെ ഫൈസലാബാദിൽ നിരവധി പള്ളികളും ക്രിസ്ത്യൻ വീടുകളും അഗ്നിക്കിരയായത് ഇന്ത്യ ചൂണ്ടിക്കാട്ടി. പാകിസ്ഥാനിൽ എല്ലാവർഷവും ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ള 1000 സ്ത്രീകളെ നിർബന്ധിത മതപരിവർത്തനത്തിനിരയാക്കി വിവാഹം കഴിക്കുന്നതായും പെറ്റൽ ചൂണ്ടിക്കാട്ടി. പാകിസ്ഥാനിലെ മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ടുകളെ ചൂണ്ടിക്കാട്ടിയായിരുന്നു ഇന്ത്യയുടെ ആരോപണം.

കോടതിവളപ്പിൽ 'നാത്തൂൻപോര്': തമ്മിൽത്തല്ലി യുവതിയും ഭർതൃസഹോദരിയും; സംഭവം ചേർത്തലയിൽ

ആലപ്പുഴ: ചേർത്തലയിൽ കോടതിവളപ്പിൽ നാത്തൂന്മാർ തമ്മിൽത്തല്ലി.

വിവാഹമോചനക്കേസുമായി ബന്ധപ്പെട്ട് കോടതിയിലെത്തിയ യുവതിയും ഇവരുടെ ഭർതൃസഹോദരിയും തമ്മിലാണ് കോടതിയിൽ തമ്മിലടിച്ചത്. ബന്ധുക്കൾ ഉൾപ്പെടെ ഇവരെ പിടിച്ചുമാറ്റാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ പോലീസുകാരെത്തിയാണ് രംഗം ശാന്തമാക്കിയത്. ചേർത്തലയിലെ കോടതി വളപ്പിൽ കഴിഞ്ഞദിവസമാണ് നാടകീയരംഗങ്ങൾ അരങ്ങേറിയത്. വിവാഹമോചനക്കേസിൽ കുട്ടിയെ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇരുകക്ഷികളും തമ്മിൽ തർക്കമുണ്ടായത്. തുടർന്ന് ഈ തർക്കം കോടതി വളപ്പിലെ കൈയാങ്കളിയിലും സംഘർഷത്തിലും കലാശിക്കുകയായിരുന്നു.

കോടതിവളപ്പിൽ തമ്മിലടിച്ച രണ്ടുസ്ത്രീകളും പരസ്പരം മുടി പിടിച്ചുവലിക്കുകയും മുഖത്തടിക്കുകയും ചെയ്തു. ഇതിനിടെ നിലത്തുവീണിട്ടും അടി തുടർന്നു.

ബന്ധുക്കൾ ഉൾപ്പെടെയുള്ളവർ ഇവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും സംഘർഷം അയഞ്ഞില്ല. വനിതാ പോലീസ് ഇല്ലാത്തതിനാൽ സ്ഥലത്തുണ്ടായിരുന്ന പോലീസുകാർ വിഷയത്തിൽ ഇടപെടാൻ ആദ്യമൊന്ന് മടിച്ചെങ്കിലും കൈയാങ്കളി കൈവിട്ടുപോയതോടെ ഇരുവരെയും പിടിച്ചുമാറ്റി രംഗം ശാന്തമാക്കുകയായിരുന്നു.

ചേർത്തല സ്വദേശികളായ ദമ്പതിമാരുടെ വിവാഹമോചനക്കേസിലാണ് ഭാര്യയും ഭർതൃസഹോദരിയും തമ്മിൽ അടിയുണ്ടായത്. ഒന്നരവർഷത്തോളം പ്രണയിച്ചശേഷമാണ് ഇവർ വിവാഹിതരായത്. ദമ്പതിമാർക്ക് ഏഴും നാലും വയസ്സുള്ള കുട്ടികളും ഉണ്ട്.

ഭർത്താവും ഭാര്യാപിതാവും തമ്മിലുണ്ടായ പ്രശ്നങ്ങളാണ് ദമ്പതിമാരുടെ വിവാഹമോചനക്കേസിലേക്ക് എത്തിയതെന്നാണ് വിവരം. വിവാഹശേഷം ഭർത്താവിന്റെ ഉടമസ്ഥയിലുള്ള കടമുറികളിൽ ഒന്ന് ഭാര്യാപിതാവിന് നൽകിയിരുന്നു.

ഇതിനെച്ചൊല്ലിയുണ്ടായ തർക്കമാണ് ദമ്പതിമാരുടെ വിവാഹമോചനക്കേസിലേക്ക് നീണ്ടത്. ഇതിനിടെ, ഇരുകക്ഷികളും പരസ്പരം ഒട്ടേറെ കേസുകളും നൽകിയിരുന്നു.

ഖാലിസ്ഥാൻ വാദി നേതാവിന്റെ കൊലപാതകം

ഇന്ത്യക്കെതിരെ വീണ്ടും അമേരിക്ക, കാനഡയ്ക്ക് പിന്തുണ

ഖാലിസ്ഥാൻ വാദി നേതാവിന്റെ കൊലപാതകത്തിൽ ഇന്ത്യക്കെതിരെ വീണ്ടും അമേരിക്ക. അതിർത്തി കടന്നുള്ള അടിച്ചമർത്തലുകൾ അംഗീകരിക്കാൻ കഴിയില്ലെന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ പ്രതികരിച്ചു. അന്വേഷണത്തോട് ഇന്ത്യ സഹകരിക്കണമെന്നും അമേരിക്ക ആവശ്യപ്പെടുന്നു. സംഭവത്തെക്കുറിച്ച് അമേരിക്കയും അന്വേഷിക്കുകയാണെന്നും ബ്ലിങ്കൻ കൂട്ടിച്ചേർത്തു. അമേരിക്കൻ നിലപാടിൽ ഇന്ത്യയുടെ പ്രതികരണം എന്താവും എന്നാണ് ഇനി അറിയേണ്ടത്.

അതേസമയം, അന്താരാഷ്ട്ര ഭീകരവാദം ചെറുക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് പ്രസ്താവിച്ച് ക്വാഡ് രാഷ്ട്രങ്ങൾ രംഗത്തെത്തി. ന്യൂയോർക്കിൽ വിദേശ കാര്യ മന്ത്രിമാരുടെ യോഗത്തിന് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് ഇന്ത്യയെ പിന്തുണച്ചും കാനഡയെ പരോക്ഷമായി വിമർശിച്ചുമുള്ള പ്രസ്താവന പുറത്തിറക്കിയത്. ഭീകരവാദികൾക്ക് മറ്റ് രാജ്യങ്ങൾ ഒളിത്താവളങ്ങൾ നൽകുന്നതും, ഭീകരപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക ശൃംഖല രൂപപ്പെടുന്നതും ചെറുക്കാൻ സമഗ്രമായ നടപടികൾ തുടരുമെന്നും അംഗരാഷ്ട്രങ്ങൾ വ്യക്തമാക്കി. അമേരിക്ക, ജപ്പാൻ, ഓസ്ട്രേലിയ, ഇന്ത്യ എന്നിവരടങ്ങുന്നതാണ് ക്വാഡ് രാഷ്ട്രങ്ങൾ. ഖാലിസ്ഥാൻ ഭീകരവാദികൾക്കെതിരെ കാനഡ ശക്തമായ നടപടികൾ എടുക്കുന്നില്ല എന്ന് ഇന്ത്യ ആവർത്തിക്കുന്ന സാഹചര്യത്തിലാണ് ക്വാഡ് പ്രസ്താവന. ഇതിനിടെ, ഇന്ത്യക്കാരായ ഹിന്ദുക്കൾ കാനഡ വിട്ട് പോകണമെന്ന സിഖ്സ് ഫോർ ജസ്റ്റിസ് തലവൻ ഗുർപത് വന്ത് സിംഗിൻറെ പ്രകോപന പ്രസ്താവന കാനേഡിയൻ പ്രതിപക്ഷ നേതാവ് തള്ളി. ഹിന്ദു സമൂഹം എവിടെയും പോകില്ലെന്നും കാനഡ എന്നും അവർക്കൊപ്പമുണ്ടാകുമെന്നും കനേഡിയൻ പ്രതിപക്ഷ നേതാവ് പിയറേ പൊയീവ് വ്യക്തമാക്കി. കാനഡയുടെ വികസനത്തിന് ഹിന്ദു സമൂഹത്തിന്റെ സംഭാവന വിലമതിക്കാനാവാത്തതാണെന്നും പിയറേ പൊയീവ് പറഞ്ഞു.

സംവരണ പട്ടിക പുതുക്കൽ: സർക്കാരുകൾക്ക് സുപ്രീം കോടതി നോട്ടിസ്

ന്യൂഡെൽഹി: പിന്നാക്ക സംവരണ വിഷയത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷനും സുപ്രീം കോടതി നോട്ടിസ് അയച്ചു. കേരളത്തിലെ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരായ പിന്നാക്ക വിഭാഗങ്ങളുടെ പട്ടിക പുതുക്കുന്നില്ല എന്നാരോപിച്ച് നൽകിയ കോടതിയലക്ഷ്യ ഹരജിയിലാണ് സുപ്രീം കോടതി നോട്ടീസ്. സംവരണപ്പട്ടിക പരിഷ്കരിക്കാനുള്ള സാമൂഹിക, സാമ്പത്തിക സർവേ പൂർത്തിയാക്കാൻ അനുവദിച്ച സമയപരിധി കഴിഞ്ഞിട്ടും നടപടിയില്ലെന്നു ചൂണ്ടിക്കാട്ടി നൽകിയ ഹരജിയിലാണ് ജസ്റ്റിസ് ബിആർ ഗവായ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റെ നടപടി.സംവരണപട്ടിക പരിഷ്കരിക്കാനുള്ള സാമൂഹിക സാമ്പത്തിക സർവേ പൂർത്തിയാക്കാൻ 2020 സെപ്റ്റംബറിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു കേരള ഹൈക്കോടതി 6 മാസം സമയം നൽകിയിരുന്നു. ഈ സമയ പരിധി ചോദ്യം ചെയ്തുകൊണ്ടും കേന്ദ്രത്തിന് വിഷയത്തിൽ ഉത്തരവാദിത്തമില്ലെന്നും പറഞ്ഞു കേന്ദ്രം നൽകിയ ഹരജിയിൽ പഠനം ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സുപ്രീം കോടതി ഒരു വർഷത്തെ സമയം അനുവദിച്ചിരുന്നു.എന്നാൽ, ഈ കാലാവധി കഴിഞ്ഞിട്ടും പിന്നാക്ക വിഭാഗങ്ങളെ നിശ്ചയിക്കുന്നതിനുള്ള ജാതി സെൻസസ് നടത്താൻ ഇത് വരെയും നടപടി സ്വീകരിച്ചില്ലെന്നാരോപിച്ചാണ് ഹരജിക്കാർ സുപ്രീം കോടതിയെ സമീപിച്ചത്. ഈ ഹരജിയിലാണ് ഇപ്പോൾ സുപ്രീംകോടതി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഉൾപ്പടെ ബന്ധപ്പെട്ട എല്ലാവർക്കും നോട്ടീസ് നൽകിയിരിക്കുന്നത്.മൈനോറിറ്റി ഇന്ത്യൻസ് പ്ലാനിങ് ആൻഡ് വിജിലൻസ് കമ്മിഷൻ ട്രസ്റ്റിനു വേണ്ടി ചെയർമാൻ വികെ ബീരാനാണു ഹരജി നൽകിയത്. ഹൈക്കോടതിയെ തന്നെ സമീപിക്കാവുന്നതല്ലേയെന്നു കോടതി ചോദിച്ചു. എന്നാൽ, നിശ്ചിത ഇടവേളകളിൽ സംവരണ പട്ടിക വിലയിരുത്തി പുതുക്കണമെന്ന് ഇന്ദിര സാഹ്നി കേസിൽ സുപ്രീം കോടതി നിർദേശിച്ച് 30 വർഷം പിന്നിട്ടിട്ടും ഇതു നടപ്പാക്കാതിരിക്കാൻ ബോധപൂർവമായ ശ്രമമുണ്ടെന്നു ഹർജിക്കാർക്കുവേണ്ടി ഹാരിസ് ബീരാൻ വാദിച്ചു.

പിന്നാക്ക വിഭാഗ കമ്മിഷൻ നിയമത്തിലെ 11(1) വകുപ്പുപ്രകാരം, 10 വർഷം കൂടുമ്പോൾ പട്ടിക പുതുക്കുകയും പിന്നാക്കക്കാർ അല്ലാതായവരെ ഒഴിവാക്കുകയും പുതിയവരെ ഉൾപ്പെടുത്തുകയും ചെയ്യണം. മുസ്ലിംകൾ, പട്ടികജാതി, പട്ടിക വർഗം, മറ്റ് 70 പിന്നാക്ക സമുദായങ്ങൾ എന്നിവർക്കു കേരളത്തിലെ സർക്കാർ ജോലികളിൽ മതിയായ പ്രാതിനിധ്യമില്ലെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി. സംസ്ഥാന ജനസംഖ്യയിൽ 26.9% മുസ്ലിംകളുണ്ടെങ്കിലും 11.4% ആണു സർക്കാർ സർവീസിലെ പ്രാതിനിധ്യമെന്നും ഹരജിയിൽ പറയുന്നു.അതേസമയം, സംവരണപട്ടിക പുതുക്കാനുള്ള ജാതി സെൻസസ് നടത്തേണ്ടതു കേരള സർക്കാരിന്റെ മാത്രം ബാധ്യതയാണെന്ന നിലപാടാണു കേന്ദ്രത്തിന്. 2011ലെ സെൻസസിൽ ഒട്ടേറെ തെറ്റുകളുണ്ടെന്നും ഇത് ഉപയോഗിക്കാനാവില്ലെന്നും കേന്ദ്രം ചൂണ്ടിക്കാട്ടുന്നു.

'ലോകകപ്പ് നേടിയിട്ടും ക്ലബിന്റെ അംഗീകാരം കിട്ടാത്ത ഏക താരം ഞാനാണ്'; പരിഭവം പറഞ്ഞ് മെസി

ന്യൂയോർക്ക്: ലോകകപ്പ് കിരീടം നേടിയിട്ടും മുൻ ക്ലബ് പി.എസ്.ജി ആദരിച്ചില്ലെന്ന പരിഭവം പറഞ്ഞ് സൂപ്പർ താരം ലയണൽ മെസി. ലോകകപ്പ് നേടിയ അർജന്റീന സംഘത്തിൽ ക്ലബിന്റെ അംഗീകാരം ലഭിക്കാത്ത ഏക താരമാണു താനെന്ന് അദ്ദേഹം തുറന്നടിച്ചു. ആസ്വദിച്ചു കളിക്കാൻ ആഗ്രഹമുള്ളതിനാൽ വിരമിക്കലിനെ കുറിച്ച് ഇപ്പോൾ ചിന്തിക്കുന്നില്ലെന്നും മെസി വ്യക്തമാക്കി.

സ്പാനിഷ് ലൈവ് സ്ട്രീമിങ് യൂട്യൂബ് ചാനലായ 'ഒൽഗ എൻ വിവോ'യ്ക്ക് നൽകിയ അഭിമുഖത്തിലാണ് താരം മനസ് തുറന്നത്. "ഫൈനലിൽ ജയിച്ചത് ഞങ്ങളാണ്. ഇത്തവണ ഫ്രാൻസിനു ലോകകപ്പ് ലഭിക്കാതിരിക്കാനുള്ള കാരണവും ഞങ്ങളായിരുന്നു. അത് മനസിലാക്കാവുന്നതാണ്. എന്നാൽ, എന്റെ ബാക്കി 25 സഹതാരങ്ങളിൽനിന്ന് അംഗീകാരം ലഭിക്കാതെ പോയ ഏക താരം ഞാനാണ്. പക്ഷെ, എനിക്കതിനു പ്രശ്നമില്ല."-മെസി പറഞ്ഞു.

പി.എസ്.ജിയിലെ സാഹചര്യം അത്ര നല്ലതായിരുന്നില്ലെന്നും താരം തുറന്നുപറഞ്ഞു. ഞാൻ പ്രതീക്ഷിച്ച പോലെയല്ല അവിടെ നടന്നത്. പക്ഷെ, എല്ലാത്തിനു പിന്നിലും ഓരോ കാരണമുണ്ടാകുമെന്ന് എപ്പോഴും പറയാറുണ്ട് ഞാൻ. ഞാനവിടെ നന്നായി കളിക്കുന്നില്ലെങ്കിലും ലോകചാംപ്യനാകാനുള്ള ഒരു അവസരമായിരുന്നു അത് തുറന്നുതന്നതെന്നും മെസി അഭിപ്രായപ്പെട്ടു. കിലിയൻ എംബാപ്പെയുമായും ടീമിലെ മറ്റു താരങ്ങളുമായെല്ലാം നല്ല ബന്ധമാണുള്ളതെന്നും അദ്ദേഹം വെളിപ്പെടുത്തി.

"ചെയ്യുന്നതെല്ലാം ഇഷ്ടപ്പെട്ടു ചെയ്യുന്നയാളാണു ഞാൻ. ആസ്വദിച്ചാണു കളിക്കാറുള്ളത്. ഇപ്പോൾ അതു മറ്റൊരു വഴിക്കായി. അതുകൊണ്ടാണ് മയാമിയിലേക്കു വരാൻ തീരുമാനിച്ചത്. മറ്റെവിടെയും കരിയർ തുടരേണ്ടെന്നും വേറിട്ട രീതിയിൽ അതിനെ അനുഭവിക്കാമെന്നും കരുതി."

വിരമിക്കലിനെ കുറിച്ച് ചിന്തിച്ചിട്ടില്ലെന്നും താരം വെളിപ്പെടുത്തി. ഇപ്പോൾ ചെയ്യുന്നത് ആസ്വദിച്ചു തന്നെ തുടരണമെന്ന ആഗ്രഹമുള്ളതിനാൽ അതേക്കുറിച്ച് ചിന്തിക്കാൻ താൽപര്യമില്ല. യൂറോപ്പ് വിട്ട് ഇവിടെ വന്നത് വലിയൊരു തീരുമാനമാണ്. അടുത്തതെന്താകുമെന്ന് ഇപ്പോൾ ചിന്തിക്കുന്നില്ലെന്നും ലയണൽ മെസി കൂട്ടിച്ചേർത്തു.

മാത്യു കുഴൽനാടന് എതിരായ അന്വേഷണം; കോട്ടയം റേഞ്ച് എസ്പി അന്വേഷിക്കും

തിരുവനന്തപുരം: മാത്യു കുഴൽനാടനെതിരായ വിജിലൻസ് അന്വേഷണത്തിൽ അന്വേഷണ ചുമതല വിജിലൻസ് കോട്ടയം റേഞ്ച് എസ്പി വിനോദ് കുമാറിന്. ഈ മാസം 20ന് ആയിരുന്നു മാത്യു കുഴൽനാടൻ എംഎൽഎക്കെതിരെ വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിന് സർക്കാർ അനുമതി നൽകിയത്. കള്ളപ്പണം വെളുപ്പിക്കലും നികുതി വെട്ടിപ്പിലും അന്വേഷണം നടത്തണമെന്നാണ് സർക്കാരിന്റെ അറിയിപ്പ്.

മാത്യു കുഴൽനാടനെതിരെ സിപിഎം എറണാകുളം ജില്ലാ സെക്രട്ടറി സിഎൻ മോഹനനാണ് ഗുരുതര ആരോപണങ്ങൾ ഉയർത്തിയത്. മാത്യു കുഴൽനാടൻ നടത്തിയ കള്ളപ്പണം വെളുപ്പിക്കലും നികുതി വെട്ടിപ്പിലും അന്വേഷണം വേണമെന്നാണ് മോഹനൻ ആവശ്യപ്പെടുന്നത്.

ശരിയായ നിലയിലല്ലാതെ അദ്ദേഹത്തിന് പണം കിട്ടുന്നുണ്ട്. സർക്കാരിനും വിജിലൻസിനും പരാതി നൽകിയിട്ടുണ്ടെന്നും സിഎൻ മോഹനൻ വ്യക്തമാക്കി.

'സതീശന്റേത് നല്ല പ്രകടനം; അച്ചു ഉമ്മൻ ലോക്സഭയിലേക്കു മത്സരിക്കുന്നതിൽ പരിപൂർണ്ണ യോജിപ്പ്'

കോട്ടയം: പ്രതിപക്ഷനേതാവെന്ന നിലയിൽ വി.ഡി.സതീശന്റേതു നല്ല പ്രകടനമാണെന്നു തിരുവഞ്ചൂർ രാധാകൃഷ്ണൻ. വി.ഡി.സതീശൻ കൃത്യമായി കാര്യങ്ങൾ പഠിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. ഇടതുമുന്നണിയുടെ ഭരണത്തിലെ അപാകതകളും ന്യൂനതകളും തെറ്റുകളും സതീശൻ ജനമധ്യത്തിൽ കൊണ്ടുവരുന്നുണ്ട്. അതാണ് പ്രതിപക്ഷനേതാവ് ചെയ്യേണ്ടത്, അത് സതീശൻ കൃത്യമായി ചെയ്യുന്നുണ്ടെന്നും തിരുവഞ്ചൂർ പറഞ്ഞു. അച്ചു ഉമ്മൻ മിടുക്കിയാണെന്നും ലോക്സഭയിലേക്കു മത്സരിക്കുന്നതിൽ പരിപൂർണ്ണ യോജിപ്പുണ്ടെന്നും തിരുവഞ്ചൂർ പറഞ്ഞു.



ചാണ്ടി ഉമ്മൻ റെക്കോർഡ് ഭൂരിപക്ഷത്തിലാണു പുതുപ്പള്ളിയിൽ വിജയിച്ചത്. ആ വിജയത്തിന്റെ ശിൽപ്പികൾ ഇതിനുവേണ്ടി ടീം വർക്കായി ഇറങ്ങിയവരാണ്. സതീശനും സുധാകരനും അതിന്റെ മുൻപന്തിയിലുണ്ടായിരുന്നു. കോൺഗ്രസ് ഒരു ടീമായി നിന്നാൽ അത്ഭുതങ്ങൾ കേരളത്തിലുണ്ടാക്കാൻ പറ്റും. കേരളത്തിൽ കോൺഗ്രസ് ശക്തമായി മുന്നോട്ട് പോകണം. ആ ശക്തിക്കു കിട്ടിയ ഏറ്റവും വലിയ അംഗീകാരമാണ് പുതുപ്പള്ളി. ആ പുതുപ്പള്ളിയെ ദുർബലപ്പെടുത്തുന്ന നടപടിയിലേക്കു പോകരുതെന്ന അഭിപ്രായമാണു തനിക്കുള്ളതെന്നും തിരുവഞ്ചൂർ പറഞ്ഞു. പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പു വിജയത്തിനു പിന്നാലെ കോട്ടയം ഡിസിസി ഓഫിസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ആരാദ്യം സംസാരിക്കണമെന്നതിനെ ചൊല്ലി പ്രതിപക്ഷ നേതാവും കെപിസിസി പ്രസിഡന്റും തമ്മിലുണ്ടായ തർക്കത്തെക്കുറിച്ചും തിരുവഞ്ചൂർ പ്രതികരിച്ചു. സുധാകരനും സതീശനും ആ വിഷയത്തിൽ പ്രതികരിച്ചു. എല്ലാവരും പറഞ്ഞു തീർത്ത കാര്യം എന്തിനാണു കുത്തിപ്പൊക്കാൻ ശ്രമിക്കുന്നത്. ആ കാര്യം അവിടംകൊണ്ട് അവസാനിച്ചെന്നും തിരുവഞ്ചൂർ പറഞ്ഞു.

'പിവി പിണറായി അല്ല എന്നു പറയുന്നത് ജഗതി സിനിമയിൽ പറയുംപോലെ'

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയനെ പരിഹസിച്ച് ആർഎസ്പി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ. 'പിവി' പിണറായി വിജയൻ അല്ല എന്ന് പറയുന്നത് ജഗതി സിനിമയിൽ 'എന്റെ ഗർഭം ഇങ്ങനെയല്ല' എന്നു പറയുന്നത് പോലെയാണ്.

ഇടതുപക്ഷ ആശയങ്ങളുടെ അന്തകരായി സിപിഎമ്മും പിണറായി വിജയനും മാറിയെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിക്കുന്നതിൽ വിയോജിപ്പ് രേഖപ്പെടുത്തിയ സിപിഐയ്ക്കും ഷിബു ബേബി ജോൺ മറുപടി നൽകി. സിപിഐ അംഗീകരിച്ച രാഷ്ട്രീയ നേതാവായി രാഹുൽ ഗാന്ധി നിൽക്കുമ്പോൾ വയനാട്ടിൽ രാഹുലിനെതിരെ മത്സരിക്കുന്നില്ല എന്ന് അവരാണ് പറയേണ്ടത്. സിറ്റിങ് എംപിയല്ലേ രാഹുൽ. പക്ഷേ ഇടതുപക്ഷം മത്സരിക്കുന്നതിൽ തെറ്റില്ല. കേരളത്തിലെ രാഷ്ട്രീയ സാഹചര്യം അങ്ങനെയാണ്.

ഇന്ത്യ മുന്നണിക്ക് സിപിഎം കല്ലുകടി സൃഷ്ടിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കടയ്ക്കൽ കത്തിവയ്ക്കുകയാണ്.

കോർഡിനേഷൻ കമ്മിറ്റിയിൽ പേര് കൊടുക്കാം എന്ന് പറഞ്ഞിട്ട് ഇപ്പോൾ പ്രതിനിധിയില്ല. കേരള നേതാക്കളുടെ സ്വാധീനം കാരണമാണിത്. ജെഡിഎസ് കേരളത്തിൽ സിപിഎം ഘടകകക്ഷിയാണ്. കർണാടകയിൽ സിപിഎം പിന്തുണച്ചത് ജെഡിഎസിനെ. കേരളത്തിലെ സിപിഎമ്മിന് കോൺഗ്രസ് വിരോധം മാത്രം, ദേശീയ താൽപ്പര്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

അനിലിന്റെ രാഷ്ട്രീയ സ്വപ്നത്തിന് ആന്റണി അവസരം നൽകിയില്ല, ബിജെപിയോട് വിരോധമില്ല – എലിസബത്ത്

കോട്ടയം:അനിൽ കെ. ആന്റണിയുടെ ബി.ജെ.പി. പ്രവേശം കുടുംബത്തിൽ ഉണ്ടാക്കിയ പ്രതിസന്ധി തുറന്നുപറഞ്ഞ് ആന്റണിയുടെ ഭാര്യ എലിസബത്ത് ആന്റണി. അനിൽ ബി.ജെ.പി.യിൽ ചേർന്നത് ആന്റണിയിൽ വലിയ ഞെട്ടലുണ്ടാക്കി. ഏറെ സമയമെടുത്താണ് അദ്ദേഹം അത് ഉൾക്കൊണ്ടത്. രാഷ്ട്രീയക്കാരനാവുകയെന്നത് ആന്റണിയുടെ ലക്ഷ്യമായിരുന്നു. ആ മോഹം സാക്ഷാത്കരിക്കുന്നതിന് അച്ഛൻ സഹായിച്ചില്ല. അനിൽ ബിജെപിയിൽ ചേർന്നതോടെ അവരോടുള്ള എല്ലാ വിരോധവും മാറിയെന്നും എലിസബത്ത് ഒരു സുവിശേഷ യോഗത്തിൽ പറഞ്ഞു.
മക്കൾ രാഷ്ട്രീയത്തിനെതിരായി കോൺഗ്രസ് പ്രമേയം പാസാക്കിയതോടെ തന്റെ മക്കൾക്ക് രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. രാഷ്ട്രീയത്തിൽ പ്രവേശിക്കുക എന്നതായിരുന്നു മൂത്ത മകനായ അനിലിന്റെ ഏറ്റവും വലിയ സ്വപ്നം.

മറ്റു ജോലികൾ ലഭിച്ചിട്ടും ഉപേക്ഷിച്ചു. മകന്റെ രാഷ്ട്രീയ പ്രവേശത്തിനുവേണ്ടി ആന്റണി പരിശ്രമിച്ചില്ല. തനിക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. 39 വയസ്സായ അവന്റെ ഭാവിയെക്കുറിച്ചും, വിദ്യാഭ്യാസമുണ്ടായിട്ടും അവന്റെ രാഷ്ട്രീയത്തിൽ ചേരണമെന്ന ആഗ്രഹങ്ങൾ സാധിക്കാത്തതിനെക്കുറിച്ചും പ്രാർഥിച്ചിരുന്നു.
പെട്ടെന്ന് ഒരു ബി.ബി.സി. വിവാദമുണ്ടാവുകയും അത് സാമൂഹിക മാധ്യമങ്ങളിലൊക്കെ വലിയ പ്രശ്നം സൃഷ്ടിക്കുകയും ചെയ്തു. പിന്നീട് മകന് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് വിളിച്ചെന്നും ബി.ജെ.പി.യിൽ ചേർന്നാൽ ഒരുപാട് അവസരങ്ങളുണ്ടാകുമെന്ന് അവർ അറിയിച്ചെന്നും എലിസബത്ത് വ്യക്തമാക്കി. കോൺഗ്രസ് പാർട്ടിയിലാണ് തങ്ങൾ ജീവിച്ചതും വിശ്വസിച്ചതുമൊക്കെ. ബി.ജെ.പി.യിലേക്ക് പോകുന്നത് ആലോചിക്കാൻ പോലും വയ്യായിരുന്നു. എന്നാൽ പിന്നീട് ബി.ജെ.പി.യോടുള്ള എല്ലാ വെറുപ്പും അറപ്പും മാറി. മകനെ അംഗീകരിക്കാനുള്ള മനസ്സും തന്നു.
നാലുദിവസം കഴിഞ്ഞ് ചാനലിലൂടെ മകൻ ബി.ജെ.പി.യിൽ ചേർന്നതായി അറിഞ്ഞു. ഭർത്താവിൽ അത് വലിയ ഞെട്ടലുണ്ടാക്കിയെങ്കിലും സൗമ്യതയോടെ അദ്ദേഹം അതിനെ നേരിട്ടു. വീട്ടിൽ മകൻ വന്നപ്പോഴും പൊട്ടിത്തെറികളൊന്നുമുണ്ടായില്ലെന്നും എലിസബത്ത് പറഞ്ഞു. വീട്ടിൽ ഇനി രാഷ്ട്രീയം സംസാരിക്കരുത്. കുടുംബകാര്യം മാത്രം സംസാരിച്ചാൽ മതിയെന്ന് അച്ഛൻ അനിലിനെ ഉപദേശിച്ചതായും വേറെ പ്രശ്നങ്ങളൊന്നുമില്ലെന്നും എലിസബത്ത് പറഞ്ഞു.

കരുവന്നൂർ: കേന്ദ്ര വേട്ടയെന്ന ആരോപണം മടക്കി പോക്കറ്റിൽ വച്ചാൽ മതിയെന്ന് മുരളീധരൻ

തിരുവനന്തപുരം: കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ സംസ്ഥാന സർക്കാരിനെതിരെ വിമർശനവുമായി വി.മുരളീധരൻ. അന്വേഷണം കേന്ദ്ര വേട്ടയെന്ന മുഖ്യമന്ത്രിയുടെ ആരോപണം മടക്കി പോക്കറ്റിൽ വച്ചാൽ മതിയെന്നു മുരളീധരൻ പറഞ്ഞു. "കരുവന്നൂരിലെ 150 കോടിയുടെ ബാങ്ക് കൊള്ളയെക്കുറിച്ചുള്ള അന്വേഷണം കേന്ദ്ര വേട്ടയാണെന്നാണു മുഖ്യമന്ത്രി പറയുന്നത്. കേന്ദ്ര വേട്ടയെന്ന ആരോപണം മടക്കി പോക്കറ്റിൽ വച്ചാൽ മതി. സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതു പാവപ്പെട്ടവരാണ്. പാവപ്പെട്ടവരുടെ പണം കൊള്ളയടിച്ചിട്ടു മുഖ്യമന്ത്രിയും മന്ത്രിമാരും പാർട്ടി സെക്രട്ടറിയും അതിനെ ന്യായീകരിക്കുകയാണ്" മുരളീധരൻ പറഞ്ഞു."150 കോടി ചെറിയ തുകയല്ലേ എന്നാണ് ഒരു മന്ത്രി ചോദിക്കുന്നത്. സാധാരണക്കാരൻ അവന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുന്ന പണമാണ് കൊള്ളയടിച്ചത്. എ.സി.മൊയ്തീന് ഒന്നും ഒളിക്കാനില്ലെങ്കിൽ എന്തിനാണ് ഒളിച്ചുനടക്കുന്നത്. മൊയ്തീന് ഒരു ഉത്തരവാദിത്തവും ഇക്കാര്യത്തിൽ ഇല്ലെങ്കിൽ ഇഡിയുടെ മുൻപിൽ ഹാജരായിക്കൂടെ, ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞുകൂടെ. സ്വർണക്കേസുകളിൽ ഇഡി ആർക്കെതിരെയും കള്ളക്കേസ് എടുത്തിട്ടില്ല. ഈ കള്ളന്മാർ ഇഡിയെ പേടിച്ചു നടക്കുകയാണ്. ഇഡി പിടിച്ചുകഴിഞ്ഞാൽ അകത്താണ്. അറസ്റ്റ് ചെയ്തശേഷം തെളിവ് അന്വേഷിക്കുന്നവരല്ല, തെളിവു കിട്ടയതിനുശേഷമാണു ഇഡിയുടെ തുടർനടപടികൾ"മുരളീധരൻ പറഞ്ഞു.

നിപയിൽ ഇന്നും ആശ്വാസം; പുതിയ പോസിറ്റീവ് കേസുകളില്ല

കോഴിക്കോട്: സംസ്ഥാനത്ത് നിപ ഭീതിയൊഴിയുന്നു. ഇന്ന് പുറത്തുവന്ന പരിശോധനാ റിപ്പോർട്ടിൽ പുതിയ പോസ്റ്റീവ് കേസുകളില്ല. കഴിഞ്ഞ വെള്ളിയാഴ്ചയാണ് സംസ്ഥാനത്ത് അവസാനമായി നിപ പോസിറ്റീവ് കേസ് റിപ്പോർട്ട് ചെയ്തത്.
ഇന്ന് വൈകീട്ട് നടക്കുന്ന അവലോകനയോഗത്തിൽ നിയന്ത്രണങ്ങളിൽ ഇളവ് നൽകുന്നത് ചർച്ച ചെയ്യും. സ്കൂളുകൾ തുറക്കുന്ന കാര്യത്തിലും ഇന്നത്തെ യോഗത്തിൽ തീരുമാനമുണ്ടാകും. ആരോഗ്യമന്ത്രി വീണാ ജോർജ്, മന്ത്രി പി.എ മുഹമ്മദ് റിയാസ്, വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, ആരോഗ്യവിദഗ്ധർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

കേരളത്തിൽ നിന്ന് നിപ ലക്ഷണങ്ങളോടെ ബംഗാളിലെത്തിയ അതിഥി തൊഴിലാളുടെ ഫലം നെഗറ്റീവ്

കൊൽക്കത്ത: നിപ രോഗലക്ഷണങ്ങളുമായി കേരളത്തിൽ നിന്ന് പശ്ചിമ ബംഗാളിൽ മടങ്ങിയെത്തിയ തൊഴിലാളിയുടെ പരിശോധനാഫലം നെഗറ്റീവായതായി പശ്ചിമബംഗാൾ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ച സാംപിൾ റിസൾട്ട് ലഭിച്ച ശേഷമാണ് അധികൃതർ വിവരം പുറത്തുവിട്ടത്.
കടുത്ത പനി, തൊണ്ടയിൽ അണുബാധ എന്നിവ ബാധിച്ച യുവാവ് നിലവിൽ ബെലിയാഘട്ട ഐഡി ആശുപത്രിയിൽ ചികിത്സയിലാണെന്നും ഡോക്ടർമാർ അറിയിച്ചു.
സംസ്ഥാനത്തെ നിപ നിയന്ത്രണ വിധേയമായെന്ന് കേന്ദ്ര ആരോഗ്യ സഹമന്ത്രി ഭാരതി പവാർ കഴിഞ്ഞദിവസം പറഞ്ഞിരുന്നു. രോഗം പകരുന്നത് നിയന്ത്രിക്കാൻ സാധിച്ചു. സംസ്ഥാനവും കേന്ദ്രവും സഹകരിച്ചാണ് മുന്നോട്ട് പോകുന്നതെന്നും മന്ത്രി വ്യക്തമാക്കി. പരിശോധനകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നുണ്ടെന്നും ആശങ്കയുടെ നാളുകൾ കഴിഞ്ഞു എന്നും മന്ത്രി അറിയിച്ചു.

രണ്ടാം വന്ദേഭാരതിന് തിരൂരിൽ സ്റ്റോപ്പ് അനുവദിച്ചു; ആദ്യ സർവീസ് 26ന്

തിരുവനന്തപുരം: കേരളത്തിന് ലഭിച്ച രണ്ടാം വന്ദേഭാരത് എക്സ്പ്രസിന് മലപ്പുറം തിരൂരിൽ സ്റ്റോപ്പ് അനുവദിച്ചു. ആദ്യ വന്ദേഭാരതിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കാതിരുന്നത് വൻ പ്രതിഷേധങ്ങൾക്കും ചർച്ചകൾക്കും വഴിവെച്ചിരുന്നു. രണ്ടാം വന്ദേഭാരത് എക്സ്പ്രസിന്റെ ആദ്യയാത്ര ഈ മാസം 26ന് നടക്കും. തിരുവനന്തപുരത്ത് നിന്ന് കാസർഗോഡേക്കാണ് ആദ്യയാത്ര. ആലപ്പുഴ വഴിയാണ് സർവീസ് നടത്തുക.
24ന് 'മൻകി ബാത്ത്' പ്രഭാഷണത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിലൂടെ ഉൽഘാടനം ചെയ്യും. തുടർന്ന് 26ന് വൈകിട്ട് 4.05ന് ആദ്യത്തെ യാത്ര പുറപ്പെടും. കാസർഗോഡ് നിന്ന് 27ന് രാവിലെ ഏഴ് മണിക്കാണ് മടക്കയാത്ര. ആഴ്ചയിൽ ആറ് ദിവസമാണ് സർവീസ് ഏർപ്പെടുത്തിയിരിക്കുന്നത്. തിങ്കളാഴ്ച കാസർഗോഡേക്കും ചൊവ്വാഴ്ച തിരുവനന്തപുരത്തേക്കും സർവീസ് ഉണ്ടായിരിക്കില്ല.കണ്ണൂർ, കോഴിക്കോട്, തിരൂർ, ഷൊർണൂർ, തൃശൂർ, എറണാകുളം സൗത്ത്, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലാണ് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളത്. രണ്ടാം വന്ദേഭാരതിന്റെ ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കിയിരുന്നു. ലക്ഷ്യമിട്ടതിലും 19 മിനിറ്റ് നേരത്തെ തിരുവനന്തപുരത്തെത്തി. രണ്ടാം പരീക്ഷണ ഓട്ടത്തിൽ കാസർഗോഡ് നിന്നാണ് യാത്ര പുറപ്പെട്ടത്.

'ഉമ്മൻചാണ്ടി പറഞ്ഞത് ശരി; വ്യത്തികേടുകൾക്ക് കൂട്ട് നിൽക്കില്ലെന്ന് പിണറായി നിലപാട് എടുത്തു'



കണ്ണൂർ: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കുടുംബത്തെ അപകീർത്തിപ്പെടുത്തുന്ന ആരോപണങ്ങൾ രാഷ്ട്രീയ ആയുധമാക്കില്ലെന്നും അത്തരം വൃത്തികേടുകൾക്ക് കൂട്ടുനിൽക്കില്ലെന്നും അന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി വിജയൻ നിലപാടെടുത്തിരുന്നെന്ന് പി ജയരാജൻ. ഉമ്മൻചാണ്ടിയുടെ ആത്മകഥയിൽ ഇക്കാര്യം വിവരിക്കുന്ന ഭാഗത്തെ ഉള്ളടക്കം ശരിയാണെന്നും ജയരാജൻ പറഞ്ഞു.
അന്ന് നിയമസഭാകക്ഷി നേതാവായിരുന്ന തനിക്ക് ഉമ്മൻചാണ്ടിയുടെ കുടുംബത്തെ ബന്ധിപ്പിക്കുന്ന ആരോപണങ്ങളടങ്ങിയ രേഖകൾ ചിലർ എംഎൽഎ ഹോസ്റ്റലിൽ എത്തിച്ചുതരുകയായിരുന്നു. നിയമസഭയിൽ ഉന്നയിക്കണമെന്ന ലക്ഷ്യത്തോടെയായിരുന്നു അത്. താൻ ഇക്കാര്യം പിണറായിയുമായി സംസാരിച്ചപ്പോൾ കുടുംബവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ രാഷ്ട്രീയപ്രശ്നമാക്കരുതെന്ന് പറഞ്ഞു. രാഷ്ട്രീയമുതലെടുപ്പ് നടത്തില്ല എന്നുമുള്ള മൂല്യാധിഷ്ഠിത നിലപാടാണ് ഇക്കാര്യത്തിൽ സിപിഎം സ്വീകരിച്ചത്.ആത്മകഥയിലുള്ളപോലെ പിണറായി തന്നെ ഉമ്മൻ ചാണ്ടിയുടെ അടുത്തേക്ക് അയക്കുകയായിരുന്നില്ല. നിയമസഭയിൽ അടുത്തടുത്ത സീറ്റുകളിലിരിക്കവേ ഇക്കാര്യം താൻ ഉമ്മൻചാണ്ടിയോട് പറയുകയായിരുന്നു.

ആരോപണങ്ങളടങ്ങിയ കത്തുകൾ ചിലർ എഐസിസി ആസ്ഥാനത്തേക്കും അയച്ചതായും അദ്ദേഹം പറഞ്ഞു. ഈ വൃത്തികെട്ട കളിക്കുപിന്നിൽ കോൺഗ്രസിൽ തന്നെയുള്ളവരാണ് എന്നാണ് തങ്ങളുടെ നിഗമനമെന്നും ജയരാജൻ പറഞ്ഞു.

കൊല്ലത്ത് മദ്യപാനികളെ കോള നൽകി പറ്റിച്ചയാൾ പിടിയിൽ

കൊല്ലം: മദ്യപാനികളെ കോള നൽകി പറ്റിച്ചയാൾ പിടിയിൽ. മദ്യക്കുപ്പിയിൽ കോള നിറച്ചായിരുന്നു തട്ടിപ്പ് നടത്തിയത്. ചങ്ങൻകുളങ്ങര സ്വദേശി സതീഷ് കുമാറാണ് പിടിയിലായത്. ഓച്ചിറ ആലുംപീടിക പ്രദേശത്തെ ബിവറേജിലും ബാറിലും മദ്യം വാങ്ങാൻ വരുന്നവരെ പറ്റിച്ച ആളാണ് പിടിയിലായത്. ബിവറേജ് അടയ്ക്കാറാകുന്ന സമയത്ത് മദ്യം വാങ്ങാൻ എത്തുന്നവരോട് തന്റെ കയ്യിൽ മദ്യമുണ്ടെന്നും വില കുറച്ച് നൽകാമെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് മദ്യക്കുപ്പിയിൽ കോള നിറച്ച് വിൽക്കുകയാണ് ഇയാളുടെ രീതി എന്ന് കണ്ടെത്തി. രാത്രിയിലും, ബിവറേജിൽ വലിയ ക്യൂ ഉള്ളപ്പോഴും, ബിവറേജ് അടയ്ക്കുന്നതിന് തൊട്ടുമുമ്പുമാണ് ആണ് ഇയാൾ ഇത്തരത്തിൽ തട്ടിപ്പ് നടത്തിയത്. മദ്യം വാങ്ങിയവർ കഴിക്കാനായി എടുത്ത് രുചിച്ചു നോക്കുമ്പോഴാണ് കബളിപ്പിക്കപ്പെട്ട വിവരം അറിയുന്നത്. നിരവധി പരാതികൾ ബിവറേജസിന്റെ മാനേജർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സി.സി.ടിവി ദൃശ്യങ്ങൾ പരിശോധിച്ചാണ് തട്ടിപ്പ് വീരനെ കണ്ടെത്തിയത്.
കഴിഞ്ഞ ദിവസം ഇയാൾ കോള നിറച്ച മദ്യകുപ്പിയുമായി തട്ടിപ്പ് തുടരാൻ ശ്രമിക്കുമ്പോഴാണ് നാട്ടുകാരുടെ സഹായത്തോടെ ഇയാളെ പിടികൂടിയത്. ഓച്ചിറ പോലീസിന് കൈമാറിയ പ്രതിയെ പരാതിക്കാർ ഇല്ലാത്തതിനാൽ കേസെടുത്ത് ജാമ്യത്തിൽ വിട്ടയച്ചു.

ഗോവയിലേക്ക് ടൂർ, മടക്കയാത്രയിൽ മദ്യം കടത്തി; പ്രിൻസിപ്പൽ അടക്കം നാലുപേർ അറസ്റ്റിൽ

കൊച്ചി: ഗോവയിൽനിന്ന് രേഖകളില്ലാതെ മദ്യം കടത്തിയതിന് കൊല്ലത്തെ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പലടക്കം നാലുപേർ പിടിയിൽ. ടിടിഐ പ്രിൻസിപ്പൽ, ടൂർ ഓപ്പറേറ്റർ, ബസ് ഡ്രൈവർ, ക്ലീനർ എന്നിവർക്കെതിരെ എക്സൈസ് കേസെടുത്തു.
കൊല്ലം സ്വദേശികളായ ഷിജു(450, അനന്തു (23), നിധിൻ (28), അജിത് ജോയ് (51) എന്നിവരാണ് അറസ്റ്റിലായത്. കോളജിൽനിന്നു വിനോദയാത്ര പോയ ടൂറിസ്റ്റ് ബസിലാണ് ഇവർ മദ്യം കടത്തിയത്.
ടിടിസി വിദ്യാർഥികളായ 33 പെൺകുട്ടികളും ആറ് ആൺകുട്ടികളും പ്രിൻസിപ്പൽ ഉൾപ്പെടെ മൂന്ന് അധ്യാപകരുമാണ് ബസിലുണ്ടായിരുന്നത്.
രഹസ്യവിവരം ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ കൊച്ചി പാലാരിവട്ടത്തുവച്ചാണ് എക്സൈസ് സംഘം ബസ് തടഞ്ഞുനിർത്തി പരിശോധന നടത്തിയത്. ഇവരിൽ നിന്ന് 50 കുപ്പി മദ്യം എക്സൈസ് സംഘം പിടിച്ചെടുത്തു. ബസിൻറെ ലഗേജ് അറയിലെ ബാഗുകളിൽ നിന്നാണ് മദ്യം പിടികൂടിയത്. തിരുവനന്തപുരത്തെ എക്സൈസ് ആസ്ഥാനത്തെ കൺട്രോൾ റൂമിൽ ഇന്നലെ പുലർച്ചെയാണ് ഇതുസംബന്ധിച്ച വിവരം ലഭിച്ചത്.
ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളം എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ എം സജീവ്കുമാറിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.
പ്രിൻസിപ്പലിന്റെയും ടൂർ ഓപ്പറേറ്റർ, ബസ് ജീവനക്കാർ എന്നിവരുടെയും ബാഗുകളിൽ നിന്നാണ് 50 കുപ്പികളിലായി 32 ലിറ്റർ മദ്യം കണ്ടെടുത്തത്.

പുതുപ്പള്ളി തെരഞ്ഞെടുപ്പിന്റെ ക്രെഡിറ്റ് എനിക്ക് വേണ്ട; സതീശനുമായി നല്ല ബന്ധം മാത്രമെന്നും കെ.സുധാകരൻ

പുതുപ്പള്ളിയിലെ വിജയത്തിനു ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ ആരാദ്യം സംസാരിക്കണമെന്നതിനെച്ചൊല്ലി വിഡി സതീശനുമായുണ്ടായ തർക്കത്തിൽ പ്രതികരണവുമായി കെപിസിസി പ്രസിഡണ്ട് കെ.സുധാകരൻ. പുതുപ്പള്ളി തർക്കം അടഞ്ഞ അധ്യായമാണ്.വിജയത്തിന്റെ ക്രഡിറ്റ് തനിക്ക് വേണ്ട.
വി.ഡി സതീശനുമായി ഒരു തർക്കവുമില്ല,നല്ല ബന്ധമാണുള്ളതെന്നും കെ.സുധാകരൻ പറഞ്ഞു.
രാഹുൽ ഗാന്ധി വയനാട്ടിൽ നിന്ന് മത്സരിക്കണമെന്ന് കെപിസിസിയുടെ ആവശ്യം കോൺഗ്രസ് ഹൈക്കമാൻഡിനെ അറിയിച്ചതായി സുധാകരൻ പറഞ്ഞു. രാഹുൽ കേരളത്തിൽ നിന്ന് മത്സരിക്കരുതെന്ന ഇന്ത്യ മുന്നണിയുടെ ഭാഗമായ സിപിഐയുടെ ആവശ്യം അന്യായമാണെന്നും സുധാകരൻ വ്യക്തമാക്കി.
'മുന്നണി സംവിധാനത്തിൽ തീരുമാനമെടുക്കാൻ നേതാക്കളുണ്ട്. അത് ചർച്ച ചെയ്യാം. പക്ഷെ രാഹുൽ ഗാന്ധി മത്സരിക്കണ്ട എന്നു പറയുന്നത് തികഞ്ഞ അന്യായമാണ്. അധാർമ്മികമാണ്. ഞങ്ങൾ ആഗ്രഹിക്കുന്നത് രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിക്കണമെന്നതാണ്. കോൺഗ്രസിന്റെ അഭിപ്രായം അതാണ്. ഇന്നലെപ്പോലും ഇക്കാര്യം കെസി വേണുഗോപാലിനോട് അഭ്യർഥിച്ചിരുന്നു' കെ സുധാകരൻ പറഞ്ഞു.

'വരത്തൻ എന്ന് വിളിക്കാൻ കുറച്ചു കാലം കൂടി അവസരം, നിങ്ങളുടെ സ്വന്തം ആളാകും': കണ്ണൂരുകാരോട് സുരേഷ് ഗോപി

കണ്ണൂർ: ലോക്സഭയിൽ കണ്ണൂരിൽ നിന്ന് ബിജെപി സ്ഥാനാർത്ഥിയായി മത്സരിക്കുമെന്ന് സൂചന നൽകി നടനും ബിജെപി നേതാവുമായ സുരേഷ് ഗോപി. തന്നെ വരത്തനെന്നു വിളിക്കാൻ വടക്കുള്ളവർക്കു കുറച്ചു കാലം കൂടി മാത്രമേ അവസരമുള്ളൂ എന്നാണ് താരം പറഞ്ഞത്.
പയ്യന്നൂരിൽ പെരുങ്കളിയാട്ട ധനസമാഹരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു താരം.
തിരുവനന്തപുരത്താണ് 33 വർഷമായി ജീവിതം. തലസ്ഥാന നഗരിയിൽനിന്നു തീർത്തും ഒരു തെക്കനെ വേണമെങ്കിൽ കുറച്ചു കാലത്തേക്ക് കൂടി നിങ്ങൾക്ക് വരത്തൻ എന്ന പേര് ചാർത്തി തരാൻ അവസരമുണ്ട്. അതുകഴിഞ്ഞാൽ നിങ്ങളുടെ സ്വന്തമാളായി ഞാൻ വളർന്നു വരികയാണെങ്കിൽ അത് ഏറ്റവും വലിയ സൗഭാഗ്യമായി മാറും.– എന്നാണ് സുരേഷ് ഗോപി പറഞ്ഞത്.
ലോക്സഭയിലേക്ക് കണ്ണൂരിൽ നിന്നോ തൃശൂരിൽ നിന്നോ മത്സരിക്കാൻ തയാറാണെന്ന് സുരേഷ് ഗോപി നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. മാർച്ചിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിലായിരുന്നു താരത്തിന്റെ പ്രഖ്യാപനം.
താരത്തിന്റെ പ്രസംഗത്തിലൂടെ സുരേഷ് ഗോപി കണ്ണൂരിൽ നിന്ന് മത്സരിക്കുമോ എന്ന ചർച്ചകൾ സജീവമാവുകയാണ്.
അതിനിടെ കൊൽക്കത്തയിലെ സത്യജിത് റേ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധ്യക്ഷനായി നിയമിച്ചിരിക്കുകയാണ്. എന്നാൽ ഇതിൽ സുരേഷ് ഗോപി അതൃപ്തനാണെന്നാണ് റിപ്പോർട്ടുകൾ.

മഴ മാറിനിന്നു, വെള്ളം ഇറങ്ങിത്തുടങ്ങി: പാലക്കയത്ത് ആശ്വാസം;കാഞ്ഞിരപുഴ ഡാമിലെ ഷട്ടറുകൾ ഉയർത്തി

പാലക്കാട്: ശക്തമായ മഴയിലും ഉരുൾപൊട്ടലിലും മുങ്ങിയ പാലക്കയത്തു നിന്ന് വെള്ളം ഇറങ്ങിത്തുടങ്ങി. രാത്രി മഴ മാറി നിന്നതാണ് ആശ്വാസമായത്. താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് വെള്ളം ഇറങ്ങി. വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.
അതിനിടെ കാഞ്ഞിരപുഴ ഡാമിലെ ഷട്ടറുകൾ ഉയർത്തി. മൂന്ന് ഷട്ടറുകൾ 80 സെന്റിമീറ്റർ വീതമാണ് ഉയർത്തിയത്. എന്നാൽ ഡാമിലെ ജലനിരപ്പ് താഴ്ന്നിട്ടില്ല. സാധാരണ നിലയിൽ ഷട്ടറുകൾ ഇത്രയും ഉയർത്താറില്ല.
ഉച്ചയ്ക്ക് ശേഷം പ്രദേശത്ത് കനത്ത മഴ പെയ്തിരുന്നു. പിന്നാലെ വന മേഖലയിൽ ഉരുൾപൊട്ടി. ഇതോടെയാണ് ജനവാസ മേഖലയിലേക്ക് വെള്ളം ഇരച്ചെത്തിയത്. പാലക്കയം ജങ്ഷനിൽ വീടുകളിലും കടകളിലും വെള്ളം കയറി. താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിരാവിലെ കടകളിലും വീടുകളിലും ശുചീകരണ പ്രവർത്തനം നടക്കുന്നുണ്ട്.

ബി.ജെ.പി നേതാവിന്റെ അശ്ലീല വീഡിയോ പുറത്തുവിട്ട മറാത്ത ചാനലിന് 72 മണിക്കൂർ വിലക്ക്

മുംബൈ: ബി.ജെ.പി നേതാവ് കിരിത് സോമയ്യയുടെ അശ്ലീല വിഡിയോ പുറത്തുവിട്ട മറാത്ത ചാനൽ ലോക് ഷാഹിക്ക് കേന്ദ്ര വാർത്ത വിനിമയ മന്ത്രാലയത്തിന്റെ 72 മണിക്കൂർ വിലക്ക്. വെള്ളിയാഴ്ച വൈകീട്ട് ഏഴ് മണി മുതലാണ് ചാനലിന്റെ സംപ്രേക്ഷണ വിലക്ക് ആരംഭിച്ചത്. വിലക്കിനെതിരെ നിയമപോരാട്ടം നടത്തുമെന്ന് ലോക് ഷാഹി ചാനൽ എഡിറ്റർ ഇൻ ചീഫ് കമലേഷ് സുതാർ പ്രതികരിച്ചു.വിലക്കിന് പിന്നാലെ കമലേഷ് സുതാർ പുറത്തുവിട്ട വിഡിയോയിൽ പ്രതികരിക്കുന്നത് ഇങ്ങനെ: " ഞങ്ങളുടെ പ്രേക്ഷകരോട് ഒരു സുപ്രധാന കാര്യം പറയാനുണ്ട്. സോമയ്യയുടെ വാർത്തയുമായി ബന്ധപ്പെട്ട് കേന്ദ്ര വാർത്ത വിതരണ മന്ത്രാലയത്തിൽ നിന്നും ഞങ്ങൾക്കൊരു നോട്ടീസ് ലഭിച്ചിരുന്നു. ഞങ്ങൾ അതിനോട് പ്രതികരണം അറിയിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ 7 മണിമുതൽ 72 മണിക്കൂർ നേരത്തേക്ക് സംപ്രേക്ഷണം വിലക്കിക്കൊണ്ട് നോട്ടീസ് ലഭിച്ചിരിക്കുകയാണ്. അടുത്ത 72 മണിക്കൂർ നേരത്തേക്ക് ചാനൽ സംപ്രേക്ഷണം കാണാൻ നിങ്ങൾക്ക് സാധിക്കില്ല. ഞങ്ങൾ നിയമോപദേശം തേടിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ വാദം പറയാനുള്ള മതിയായ അവസരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിയമപരമായി പോരാടും. കുറച്ചുകൂടി സമയം ലഭിച്ചിരുന്നുവെങ്കിൽ കാര്യങ്ങൾ നന്നാകുമായിരുന്നു എന്നാണ് വിശ്വസിക്കുന്നത്. വൈകീട്ട് 6:13 ന് 7 മണിയോടെ സംപ്രേക്ഷണം അവസാനിപ്പിക്കുന്നതായി നോട്ടീസ് ലഭിക്കുകയായിരുന്നു. ഞങ്ങൾ ഉടൻ മടങ്ങിവരും."
ഈ മാസാദ്യം സുതാറിനും ഒരു യൂട്യൂബ് ചാനലിനുമെതിരെ മുംബൈ പൊലീസ് കേസെടുത്തിരുന്നു. ബി.ജെ.പി മഹാരാഷ്ട്ര സംസ്ഥാന ഉപാധ്യക്ഷനും മുൻ എം.പിയുമായ കിരിത് സോമയ്യയുടെ അശ്ലീല ദൃശ്യങ്ങൾ പുറത്തുവന്നത് വലിയ രാഷ്ട്രീയ കോളിളക്കം സൃഷ്ടിച്ചിരുന്നു. ദൃശ്യത്തിൽ ഉൾപ്പെട്ട സ്ത്രീയെ അവ്യക്തമാക്കിയ നിലയിലാണ് വിഡിയോ സംപ്രേക്ഷണം ചെയ്തത്. അതേസമയം അശ്ലീല വിഡിയോ പുറത്തുവന്നത് ഗൂഢാലോചനയാണെന്നായിരുന്നു സോമയ്യയുടെ പ്രതികരണം.

ആഴക്കടൽ രഹസ്യങ്ങൾ തേടി 'സമുദ്രയാൻ'; 'മത്സ്യ 6000' അന്തർവാഹിനിയുടെ ആദ്യ ആദ്യ പരീക്ഷണ യാത്ര 2024ൽ

ന്യൂഡൽഹി: ആഴക്കടലിലെ രഹസ്യങ്ങൾ തേടിയുള്ള ഇന്ത്യയുടെ ആദ്യ ശാസ്ത്രീയ പര്യവേക്ഷണ അന്തർവാഹിനിയായ 'മത്സ്യ 6000'ൻറെ നിർമാണം അന്തിമ ഘട്ടത്തിലേക്ക്.
സമുദ്രയാൻ പദ്ധതിക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻ.ഐ.ഒ.ടി) ആണ് കടലിൻറെ ആഴത്തിലേക്ക് മൂന്ന് പേർക്ക് സഞ്ചരിക്കാവുന്ന അന്തർവാഹിനി നിർമിക്കുന്നത്. ചാന്ദ്ര പര്യവേക്ഷണത്തിനുള്ള ചന്ദ്രയാനും സൂര്യ പര്യവേക്ഷണത്തിനുള്ള ആദിത്യ എൽ1നും ശേഷം സമുദ്ര രഹസ്യങ്ങൾ തേടിയുള്ള ഇന്ത്യയുടെ പദ്ധതിയാണ് സമുദ്രയാൻ.
സമുദ്രവിഭവങ്ങളുടെ സുസ്ഥിരമായ വിനിയോഗത്തിനുള്ള സാങ്കേതികവിദ്യകൾ രൂപകൽപന ചെയ്യുകയും വികസിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുകയാണ് സമുദ്രയാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അന്തർവാഹിനിയിൽ കടലിൻറെ ആറു കിലോമീറ്റർ അഴത്തിൽ മൂന്നു പേർക്ക് ശാസ്ത്രീയ പര്യവേക്ഷണം നടത്താൻ സാധിക്കും. 2024 ജനുവരി മുതൽ കടലിനടിയിൽ 500 മീറ്റർ ആഴത്തിൽ പരീക്ഷണം ആരംഭിക്കാനാണ് തീരുമാനം. 2026ഓടെ പൂർണ തോതിൽ പര്യവേക്ഷണം ആരംഭിച്ചേക്കും.
കടലിൽ 6000 മീറ്റർ ആഴത്തിലേക്കാണ് പര്യവേക്ഷണ അന്തർവാഹിനി സഞ്ചരിക്കുക. ഇതിൽ

12 മണിക്കൂറാണ് മൂന്നു പേർ ചെലവഴിക്കേണ്ടത്. ഗവേഷണത്തിന് ആറു മണിക്കൂറും തിരികെ മടങ്ങുന്നതിന് മൂന്നു മണിക്കൂറും സമയം വേണം. സെക്കൻഡിൽ 30 മീറ്ററാണ് അന്തർവാഹിനിയുടെ കടലിനടിയിലേക്കുള്ള സഞ്ചാര വേഗത. സമുദ്രനിരപ്പിൽ അനുഭവപ്പെടുന്നതിനേക്കാൾ 600 മടങ്ങ് കൂടുതലായിരിക്കും കടലിനടിയിലെ മർദം. കൂടാതെ, സമുദ്രനിരപ്പുമായി താരതമ്യം ചെയ്യുമ്പോൾ താപനില 2 ഡിഗ്രി സെൽഷ്യസായി കുറയും.
ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ചൊവ്വയിലെ റോവറിനെ നിയന്ത്രിക്കാൻ കഴിയും. എന്നാൽ, വെള്ളത്തിൽ 20 മീറ്ററിൽ താഴെയുള്ളത് നിയന്ത്രിക്കാനാവില്ല. വൈദ്യുത കാന്തിക തരംഗങ്ങൾ സഞ്ചരിക്കില്ല. ഇത്രയും ആഴത്തിൽ ആശയവിനിമയം നടത്താനുള്ള സംവിധാനങ്ങളില്ല. സാഹചര്യങ്ങൾക്ക് അനുസൃതമായി തീരുമാനങ്ങൾ കൈക്കൊള്ളാൻ പ്രാവീണ്യമുള്ള ഒരാളെ കണ്ടെത്തുന്നതാണ് വെല്ലുവിളിയെന്നും എൻ.ഐ.ഒ.ടി മേധാവി ആനന്ദ് രാമദാസ് ചൂണ്ടിക്കാട്ടുന്നു.
22 എം.എം കനവും 2.1 മീറ്റർ വ്യാസവുമുള്ള ഉരുക്ക് കൊണ്ട് ഗോളാകൃതിയിൽ നിർമിച്ചതാണ് അന്തർവാഹിനി. പൈലറ്റും രണ്ട് ശാസ്ത്രജ്ഞരും ഉൾപ്പെടുന്നതാണ് യാത്രികർ. തെർമോപ്ലാസ്റ്റിക് കൊണ്ട് നിർമിച്ച വൃത്താകൃതിയിലുള്ള ജനാലകൾ വഴി കടലിൻറെ ഉൾവശം യാത്രികർക്ക് കാണാനാവും.
അന്തർവാഹിനിയിലെ യാത്രക്കാരുടെ സുരക്ഷക്കാണ് മുൻതൂക്കം നൽകുന്നതെന്ന് എൻ.ഐ.ഒ.ടി ശാസ്ത്രജ്ഞനായ സത്യനാരായണൻ പറയുന്നു. ഇതിനായാണ് ഉരുക്ക് കൊണ്ടുള്ള പര്യവേക്ഷണ വാഹനം നിർമിച്ച് 500 മീറ്റർ താഴ്ചയിൽ പരീക്ഷിച്ചത്. കൂടാതെ, ജീവൻ രക്ഷാ സംവിധാനങ്ങളുടെ സഹായത്തോടെ ഏഴ് മീറ്റർ ആഴത്തിൽ മനുഷ്യരെ എത്തിച്ചും പരീക്ഷണം പൂർത്തിയാക്കിയെന്ന് സത്യനാരായണൻ പറഞ്ഞു.
മർദത്തെ അതിജീവിക്കാൻ സാധിക്കുന്ന വസ്തുക്കളാണ് വാഹനത്തിൻറെ നിർമാണത്തിന് ഉപയോഗിച്ചിട്ടുള്ളത്. ഗോളാകൃതിയും ടൈറ്റാനിയം ലോഹക്കൂട്ടും ഉപയോഗിക്കുക വഴി വാഹനത്തിൻറെ ഭാരം കുറക്കാനും യാത്രികരുടെ സുരക്ഷ ഉറപ്പാക്കാനും സാധിക്കും. 12 മണിക്കൂർ പര്യവേക്ഷണം കൂടാതെ 96 മണിക്കൂർ ജീവൻ നിലനിർത്താനുള്ള സംവിധാനം അന്തർവാഹിനിയിലുണ്ട്.
1000 മീറ്റർ ആഴത്തിൽ ഗ്യാസ് ഹൈഡ്രേറ്റുകളും 5000 മീറ്ററിൽ ലോഹങ്ങളാൽ സമ്പന്നമായ പോളി മെറ്റാലിക് നോഡ്യൂളുകളും 3000 മീറ്ററിൽ ഹൈഡ്രോതെർമൽ സൾഫൈറ്റുകളും ലഭ്യമാണ്.
ഈ ധാതുക്കൾ കണ്ടെത്താനും പര്യവേക്ഷണം ചെയ്യാനും അന്തർവാഹിനി ആവശ്യമാണെന്ന് ആനന്ദ് രാമദാസ് ചൂണ്ടിക്കാട്ടുന്നു.
'മത്സ്യ 6000'ൻറെ നിർമാണം പൂർത്തിയാകുന്നതോടെ യുഎസ്, റഷ്യ, ഫ്രാൻസ്, ജപ്പാൻ, ചൈന എന്നിവക്ക് ശേഷം മനുഷ്യന് പര്യവേക്ഷണം നടത്താനുള്ള അന്തർവാഹിനി വികസിപ്പിച്ച ലോകത്തിലെ ആറാമത്തെ രാജ്യമാകും ഇന്ത്യ.

ഒറ്റദിവസം 3,797 ഇസിജികൾ; ലോക റെക്കോർഡ്

ബംഗളൂരു: ഒറ്റദിവസം കൊണ്ട് 3,797 ഇസിജികൾ എടുത്ത് ഗിന്നസ് ബുക്കിൽ ഇടം നേടി ബംഗളൂരിലെ ആശുപത്രി. ബംഗളരുവിലെ നാരായണ ഹെൽത്ത് സിറ്റിയാണ് ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്.
സെപ്റ്റംബർ 21നായിരുന്നു ആശുപത്രിയിൽ ഇത്രയേറെ ഇസിജികൾ എടുത്തത്. ഈ നേട്ടത്തിലൂടെയാണ് ആശുപത്രി ഗിന്നസ് ബുക്കിൽ ഇടം നേടിയത്. വെള്ളിയാഴ്ച റെക്കോർഡ് പ്രകടനത്തിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചതായ അധികൃതർ അറിയിച്ചു.
'ആരോഗ്യ പരിശോധനയെക്കു

റിച്ചും ഹൃദ്രോഗങ്ങൾ തടയുന്നതിനുള്ള പതിവ് പരിശോധനകളുടെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു ലക്ഷ്യമെന്ന് നാരായണ ഹെൽത്ത് സ്ഥാപകനും ചെയർമാനുമായ ഡോക്ടർ ദേവി ഷെട്ടി പറഞ്ഞു.

കബഡി താരത്തെ വെട്ടിക്കൊന്നു, വീടിനു മുന്നിൽ കൊണ്ടുവന്നിട്ട് മാതാപിതാക്കളെ വിളിച്ചറിയിച്ച് അക്രമികൾ

ചണ്ഡിഗഡ്: പഞ്ചാബിൽ കബഡി താരത്തെ ക്രൂരമായി കൊലപ്പെടുത്തി. യുവാവിനെ വീടിനുമുന്നിലിട്ട് വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് യുവാവിന്റെ മാതാപിതാക്കളെ വിളിച്ച് അക്രമികൾ മകനെ കൊലപ്പെടുത്തിയ വിവരം അറിയിച്ചു. ഹർദീപ് സിങ് എന്ന യുവാവാണ് കൊല്ലപ്പെട്ടത്.
സെപ്റ്റംബർ 19ന് കപൂർതലയിലാണ് സംഭവമുണ്ടായത്. പ്രദേശവാസിയായ ഹർപ്രീത് സിങ്ങും തമ്മിൽ ദീർഘനാളായി തർക്കമുണ്ടായിരുന്നു. ഇരുവർക്കുമെതിരെ പൊലീസിൽ കേസുകളുണ്ട്. പൊലീസിനെ പേടിച്ച് മകൻ വീട്ടിൽ താമസിച്ചിരുന്നില്ല എന്നാണ് ഹർദീപ സിങ്ങിന്റെ പിതാവ് പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നത്. ബാങ്ക് പാസ്ബുക്ക് എടുക്കാനായി ചൊവ്വാഴ്ച വൈകിട്ട് ഹർദീപ് വീട്ടിൽ എത്തിയിരുന്നു. അന്ന് രാത്രി 10.30ഓടെ വീടിന്റെ വാതിലിൽ ആരോ മുട്ടുന്നതു കേട്ടു. രാത്രിയായതിനാൽ മാതാപിതാക്കൾ ടെറസിൽ കയറി നോക്കിയപ്പോൾ ഹർപ്രീത് സിങ്ങും അഞ്ച് അനുയായികളും ആയിരുന്നു. 'നിങ്ങളുടെ മകൻ കൊല്ലപ്പെട്ടു. അവന്റെ കഥകഴിഞ്ഞു. നിങ്ങളുടെ സിംഹക്കുട്ടി ഇതാ കിടക്കുന്നു' – എന്ന് അവർ പറഞ്ഞു എന്നാണ് പരാതിയിൽ പറയുന്നത്.
വാതിൽ തുറന്നു നോക്കിയപ്പോൾ ?ഗുരുതരമായി പരുക്കേറ്റ നിലയിൽ മകനെ വീടിനു മുന്നിൽ കണ്ടെത്തുകയായിരുന്നു. ഹർപ്രീതും അനുയായികളും മാരകായുധങ്ങൾ ഉപയോഗിച്ച് തന്നെ വെട്ടി പരുക്കേൽപ്പിച്ചെന്ന് മകൻ പറഞ്ഞതായും പരാതിയിൽ വ്യക്തമാക്കി. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. പൊലീസ് കേസ് രജിസ്റ്റർ ചെയ്തെങ്കിലും ആരും അറസ്റ്റിലായിട്ടില്ല. പ്രധാന പ്രതിയെക്കുറിച്ച് വ്യക്തമായിട്ടും അറസ്റ്റ് വൈകുന്നത് രൂക്ഷ വിമർശനങ്ങൾക്ക് കാരണമാവുന്നുണ്ട്. അതിനിടെ കൊലപാതകം രാഷ്ട്രീയ ചർച്ചകൾക്ക് വഴിതുറക്കുകയാണ്. മുഖ്യമന്ത്രി ഭഗവന്ത് സിങ് മാനിന്റെ നേതൃത്വത്തിലുള്ള എഎപി സർക്കാരിനെതിരെ രൂക്ഷ വിമർശനമാണ് ഉയരുന്നത്. പഞ്ചാബിൽ ഇപ്പോൾ ജം?ഗിൾ രാജാണ് നിലനിൽക്കുന്നത് എന്ന ആരോപണവുമായി ശിരോമണി അകാലിദൾ നേതാവ് സുഖ്ബിർ സിങ് ബാദൽ. ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്നും ക്രൂരമായ കൊലപാതകങ്ങളാണ് പഞ്ചാബിൽ നടക്കുന്നത് എന്നാണ് ആരോപണം.

മലയാളത്തിന്റെ അഭിനയ ചക്രവർത്തി മധുവിന് നവതിയാശംസകൾ

മലയാളത്തിന്റെ മഹാനടൻ മധു നവതിയുടെ നിറവിലാണ്. അഭിനയ ചക്രവാളത്തിലെ കിരീടം വെക്കാത്ത രാജാവിന് പീപ്പിൾസ്റിവ്യൂവിന്റെ നവതി മംഗളം. മലയാള സിനിമയുടെ ആരംഭകാലം മുതൽ അഭിനയ രംഗത്ത് പ്രശോഭിച്ച അതുല്ല്യ നടനാണ് മധു. പ്രേംനസീറും, സത്യനും അരങ്ങ് വാണിരുന്ന കാലത്ത് തന്റേതായ ഇടം സൃഷ്ടിച്ച് നടന പീഠം കരസ്ഥമാക്കിയ മലയാളികളുടെ പ്രിയങ്കരനായ നടനാണ് അദ്ദേഹം. തികച്ചും യാദൃശ്ചികമായാണ് സിനിമയിലേക്കെത്തിയതെങ്കിലും, സിനിമയിൽ കഴിഞ്ഞ ഏഴ് പതിറ്റാണ്ട് നിറഞ്ഞു നിന്ന മറ്റൊരാൾ നമുക്കില്ല എന്നതാണ് വാസ്തവം. മലയാളി മക്കൾ നെഞ്ചേറ്റിയ സിനിമകൾ, എക്കാലവും ഓർക്കപ്പെടുകയും, ആസ്വദിക്കപ്പെടുകയും ചെയ്ത സിനിമകളിൽ നായകനായും, പ്രതിനായകനായും അദ്ദേഹം തിളങ്ങി. നമ്മുടെ അതിപ്രഗത്ഭരായിരുന്ന സാഹിത്യ പ്രതിഭകളുടെ സൃഷ്ടികൾ സിനിമകളാക്കിയപ്പോൾ അതിലെ കഥാപാത്രങ്ങൾക്ക് മിഴിവേകിയ നടനാണ് മധു.
നാഗർ കോവിലിൽ ഹിന്ദു കോളേജിൽ അധ്യാപകനായിരിക്കുമ്പോൾ ജോലി ഉപേക്ഷിച്ചാണ് അദ്ദേഹം ഡൽഹി സ്കൂൾ ഓഫ് ഡ്രാമയിൽ അഭിനയം പഠിക്കാനായി പോകുന്നത്. 1959ൽ നിണമണിഞ്ഞ കാൽപ്പാടുകളിലൂടെ അഭിനയ രംഗത്തേക്ക് കടന്നുവന്നു. തുടർന്ന് നാനൂറോളം സിനിമകളിൽ അദ്ദേഹം വ്യത്യസ്ത വേഷങ്ങൾ പകർന്നാടി. പി.മാധവൻ നായരിൽ നിന്ന് മലയാളത്തിന്റെ മഹാനടനായി അദ്ദേഹം വളർന്നു. പരീക്കുട്ടി(ചെമ്മീൻ), മായൻ(ഉമ്മാച്ചു), സാഹിത്യകാരൻ(ഭാർഗ്ഗവീനിലയം), ബാപ്പുട്ടി(ഓളവും തീരവും), ഗോപകുമാർ(പ്രിയ), ആനപ്പാപ്പാൻ(സിന്ദൂരച്ചെപ്പ്), ചെണ്ടക്കാരൻ(ചെണ്ട), മദനൻ(രമണൻ), പൈലി(ഇതാ ഇവിടെവരെ) ഉൾപ്പെടെയുള്ള ശ്രദ്ധേയമായ വേഷങ്ങൾ അദ്ദേഹം അനശ്വരമാക്കി. മികച്ച ദേശീയ അവാർഡ് നേടിയ ചെമ്മീൻ, രണ്ടാമതവാർഡ് നേടിയ സ്വയംവരം എന്നിവയിലെ വേഷങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു.
അഭിനയ ജീവിതത്തോടൊപ്പം നിർമ്മാതാവായും, സംവിധായകനായും, സ്റ്റുഡിയോ ഉടമയായും അദ്ദേഹം പ്രവർത്തിച്ചു. മലയാള സിനിമയിലെ ഇപ്പോഴുള്ള എല്ലാ നടന്മാർക്കും ഗുരു തുല്ല്യനാണ് മധു. നമ്മുടെ പ്രിയ താരങ്ങളായ മമ്മൂട്ടിയും, മോഹൻലാലും അദ്ദേഹത്തിന് നൽകുന്ന സ്നേഹ ബഹുമാനം കണ്ടാലറിയാം ചലച്ചിത്രലോകം അദ്ദേഹത്തിന് നൽകുന്ന ആദരവ് എത്രയാണെന്ന്.
കടന്നുപോയ ജീവിത കാലഘട്ടം പരിപൂണ്ണ സംതൃപ്തി നൽകുന്നതാണെന്ന് മധു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സംഭാവനകൾ പരിഗണിച്ച് രാജ്യം പത്മശ്രീയും, സംസ്ഥാനം ജെ.സി.ഡാനിയേൽ പുരസ്കാരവും നൽകി ആദരിച്ചിട്ടുണ്ട്.
ചലച്ചിത്ര മേഖലയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയ പ്രിയ നടന് ആയുരാരോഗ്യ സൗഖ്യങ്ങൾ നേരുന്നു. അദ്ദേഹത്തിന് ഒരിക്കൽ കൂടി നവതി ആശംസകൾ.

ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ച 26 തൊഴിലാളികൾക്ക് ദേഹാസ്വാസ്ഥ്യം

ചെന്നൈ: ഹോട്ടലിൽ നിന്ന് കോഴിയിറച്ചിയും ചോറും കഴിച്ച 26 തൊഴിലാളികൾ ഭക്ഷ്യവിഷബാധയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തമിഴ്നാട്ടിലെ കൃഷ്ണഗിരി ജില്ലയിലാണ് സംഭവം. ഒരു സ്വകാര്യ നിർമ്മാണ യൂണിറ്റിലെ 26 തൊഴിലാളികൾക്കാണ് ഭക്ഷ്യവിഷബാധയേറ്റത്.
ഇവരെ കൃഷ്ണഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർ ഹോട്ടലിൽ റെയ്ഡ് നടത്തി സാമ്പിളുകൾ പരിശോധനക്ക് അയച്ചു. ഹോട്ടൽ ഉടമയെ അറസ്റ്റ് ചെയ്തെങ്കിലും പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു.
ഭക്ഷ്യസുരക്ഷാ വിഭാഗം ഹോട്ടലിൽ റെയ്ഡ് നടത്തിയെങ്കിലും ഭക്ഷണത്തിൽ മായം കലർന്നിട്ടില്ലെന്ന് കണ്ടെത്തി. എന്നിരുന്നാലും, ഹോട്ടലിൽ നിന്ന് അയച്ച സാമ്പിളുകളിൾ നെഗറ്റീവ് ആണെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥൻ വെങ്കിടേഷ് പറഞ്ഞു. ഫലം നെഗറ്റീവായതിനാൽ ഈ 26 തൊഴിലാളികളും മറ്റെന്തെങ്കിലും കഴിച്ചതാവാം വിഷബാധക്ക് കാരണമെന്നാണ് പ്രാഥമിക നിഗമനം. ഇതേ ഭക്ഷണം കഴിച്ച മറ്റ് ജീവനക്കാർക്കും ഭക്ഷ്യവിഷബാധയുടെ ലക്ഷണങ്ങൾ കണ്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തൊഴിലാളികളുടെ ആരോഗ്യനില തൃപ്തികരമാണെന്നും ഇവരിൽ പലരും ആശുപത്രി വിട്ടതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ദൈവാനുഗ്രഹമുള്ളതുകൊണ്ടാണ് എഎപി സർക്കാരിന് സൗജന്യ വൈദ്യുതി നൽകാൻ സാധിക്കുന്നതെന്ന് കെജ്രിവാൾ

ഡൽഹി: ദൈവത്തിൻറെ അനുഗ്രഹമുള്ളതുകൊണ്ടാണ് തൻറെ സർക്കാരിന് 24 മണിക്കൂറും സൗജന്യമായി വൈദ്യുതി വിതരണം ചെയ്യാൻ സാധിക്കുന്നതെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ. വെള്ളിയാഴ്ച ബിജ്വാസൻ മണ്ഡലത്തിലെ മഹിപാൽപൂർ ഏരിയയിലെ വികസന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
എഎപി ഭരിക്കുന്ന ഡൽഹിയും പഞ്ചാബും മാത്രമാണ് സൗജന്യമായി വൈദ്യുതി നൽകുന്നതെന്നും മറ്റ് സംസ്ഥാനങ്ങളിൽ ആളുകൾ ഉയർന്ന ബില്ലുകൾ അടയ്ക്കുകയും മണിക്കൂറുകളോളം പവർ കട്ട് നേരിടുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു. കോളനികളിൽ റോഡുകളും അഴുക്കുചാലുകളും കു

ടിവെള്ള പൈപ്പ് ലൈനുകളും നൽകുന്നതിന് 70 വർഷമായി മറ്റ് പാർട്ടികൾ ചെയ്തതിനേക്കാൾ കൂടുതൽ പ്രവർത്തിച്ചിട്ടുണ്ടെന്ന് എഎപി കൺവീനർ പറഞ്ഞു.വിദ്യാഭ്യാസം, വൈദ്യ സഹായം, വെള്ളം, വൈദ്യുതി എന്നിവ സൗജന്യമായി നൽകിയിട്ടും ഡൽഹി മികച്ച സംസ്ഥാനമായി മാറിയത് സത്യസന്ധമായ ഒരു സർക്കാരിൻറെ കീഴിലായതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.
'ജനങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും സംസാരിക്കുന്ന മറ്റൊരു രാഷ്ട്രീയ പാർട്ടിയെക്കുറിച്ചും എനിക്കറിയില്ല.
വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വേണ്ടിയാണ് എഎപി പ്രവർത്തിക്കുന്നത്. രാഷ്ട്രീയം ചെയ്യാനല്ല, രാഷ്ട്രത്തെ സേവിക്കാനും കെട്ടിപ്പടുക്കാനുമാണ് ഞങ്ങൾ രാഷ്ട്രീയത്തിലുള്ളത്,' കെജ്രിവാൾ കൂട്ടിച്ചേർത്തു. രാജ്യത്തെ എല്ലാവർക്കും നല്ല വിദ്യാഭ്യാസവും ആരോഗ്യ സൗകര്യങ്ങളും ഉറപ്പാക്കിയില്ലെങ്കിൽ ഇന്ത്യക്ക് 'വിശ്വഗുരു' (ലോക നേതാവ്) ആകാൻ കഴിയില്ലെന്ന് കെജ്രിവാൾ പറഞ്ഞു.
തൻറെ സർക്കാരിൻറെ പാതയിൽ തടസങ്ങൾ സൃഷ്ടിച്ചിട്ടും ജനകേന്ദ്രീകൃത വികസനവും ക്ഷേമ പ്രവർത്തനങ്ങളും തുടരുകയാണെന്നും ഡൽഹി മുഖ്യമന്ത്രി അവകാശപ്പെട്ടു.

യുവതിയുടെ ദേഹത്ത് ആസിഡ് ഒഴിച്ച ഭർത്യമാതാവ് അറസ്റ്റിൽ

ഡൽഹി: യുവതിയുടെ ദേഹത്ത് ആഡിഡ് ഒഴിച്ചതുമായി ബന്ധപ്പെട്ട കേസിൽ ഭർതൃമാതാവ് അറസ്റ്റിൽ. വടക്കുകിഴക്കൻ ഡൽഹിയിലെ ന്യൂ ഉസ്മാൻപൂർ സ്വദേശിയായ അഞ്ജലിയാണ്(49) അറസ്റ്റിലായത്. ബുധനാഴ്ച വൈകിട്ട് 5.30–ഓടെയാണ് സംഭവം.
25 ശതമാനം ആസിഡ് പൊള്ളലേറ്റ യുവതിയെ(22) ആശുപത്രിയിൽ പ്രവേശിപ്പിച്ചു. "സംഭവത്തിന് ശേഷം അഞ്ജലിയും കുടുംബവും ഒളിവിൽ പോയിരുന്നു. വെള്ളിയാഴ്ച അഞ്ജലിയെ സന്ത് നഗർ ബുരാരിയിൽ നിന്ന് അറസ്റ്റ് ചെയ്തു" ഡെപ്യൂട്ടി കമ്മീഷണർ ജോയ് ടിർക്കി പറഞ്ഞു. രണ്ടു വർഷം മുൻപായിരുന്നു യുവതിയുടെ വിവാഹം. ഇവർക്ക് ആറു മാസം പ്രായമുള്ള ഒരു മകളുമുണ്ട്. 'ആക്രമണത്തിനിരയായ യുവതി ന്യൂ ഉസ്മാൻപൂർ പ്രദേശത്തെ ഒരു വീട്ടിലാണ് താമസിക്കുന്നത്. അതേ വീടിൻറെ താഴത്തെ നിലയിലാണ് അഞ്ജലി താമസിക്കുന്നത്. മരുമകളെ ഒഴിപ്പിക്കാൻ അഞ്ജലി കർകർദൂമ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു,' ഡിസിപി പറഞ്ഞു.
സംഭവം നടന്ന അന്നേ ദിവസം ഇരുകക്ഷികളും കർക്കർദൂമ കോടതിയിൽ ഹാജരായിരുന്നു. തുടർന്ന് വൈകിട്ടാണ് അഞ്ജലി യുവതിയുടെ മേൽ ആസിഡ് ഒഴിച്ചത്. കേസിൽ അന്വേഷണം നടക്കുകയാണെന്നും കൂടുതൽ അറസ്റ്റിന് സാധ്യതയുണ്ടെന്നും ഡിസിപി അറിയിച്ചു. എഫ്ഐആറിൻറെ പകർപ്പ് സഹിതം സംഭവത്തിൽ നടപടി സ്വീകരിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് ഡൽഹി വനിതാ കമ്മീഷൻ (ഡിസിഡബ്ല്യു) വ്യാഴാഴ്ച പൊലീസിന് നോട്ടീസ് അയച്ചിട്ടുണ്ട്.

വീടിനുള്ളിലേക്ക് വെടിയുണ്ട പോലെ ചാടി കയറി കടുവ; ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തിൽ ദമ്പതികൾ

മാനന്തവാടി : ഒന്നര മാസമായി കടുവ ഭീതിയിൽ തുടരുന്ന പനവല്ലി പ്രദേശത്തെ ആശങ്കയുടെ മുൾമുനയിലാക്കി കടുവ വീടിനുള്ളിലേക്കും. ദമ്പതികൾ രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ട് മാത്രം. പനവല്ലി പുഴക്കര ഊരിലെ കയമയുടെ വീടിനുള്ളിലേക്കാണു വ്യാഴം രാത്രി കടുവ ഓടിക്കയറിയത്. വളർത്തുപട്ടിയെ ഇരയാക്കാനായി ഓടിക്കുന്നതിനിടെയാണു കടുവ പുഴക്കര കോളനിയിൽ എത്തിയത്. കൺമുൻപിൽ അപ്രതീക്ഷിതമായി കടുവയെ കണ്ട വീട്ടുകാർ ഞെട്ടിവിറച്ചു. വീട്ടുകാർ ഓടിമാറിയതിനാൽ വീട്ടിനകത്തേക്കു കയറിയ കടുവയ്ക്കു മുന്നിൽപെട്ടില്ല. ഭാഗ്യം കൊണ്ട് ആളപായം ഉണ്ടായില്ലെങ്കിലും ഊര് നിവാസികൾ ഞെട്ടലിൽ നിന്ന് ഇനിയും മുക്തരായിട്ടില്ല. കടുവ നാട്ടിലിറങ്ങി ഭീതി വിതയ്ക്കുമ്പോഴും മയക്കുവെടി വയ്ക്കാനുള്ള ഉത്തരവ് ഇനിയും ലഭിക്കാത്തതിൽ വ്യാപക പ്രതിഷേധം ഉയരുന്നുണ്ട്. പ്രശ്നത്തിന്റെ ഗൗരവം ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ഉടൻ ഉത്തരവുണ്ടാകുമെന്നും ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി എ.കെ. ശശീന്ദ്രൻ തന്നെ പറഞ്ഞിരുന്നു. നേർത്ത് വയനാട് ഡിഎഫ്ഒ മാർട്ടിൻ ലോയൽ ദിവസങ്ങൾക്കു മുൻപ് തന്നെ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഇതുസംബന്ധിച്ച് കത്ത് നൽകിയിരുന്നു. എന്നിട്ടും കടുവയെ മയക്കുവെടി വച്ച് പിടികൂടാനുള്ള ഉത്തരവ് കിട്ടിയിട്ടില്ല. മന്ത്രി പറഞ്ഞിട്ടും വെടിവയ്ക്കാൻ വനപാലകർ തയാറാകുന്നില്ലെന്നു കുറ്റപ്പെടുത്തി നാട്ടുകാർ കൂടി രംഗത്ത് വന്നതോടെ വനംവകുപ്പ് ഉദ്യോഗസ്ഥരും പ്രതിസന്ധിയിലാണ്. വ്യാഴം രാത്രി സ്ഥലത്തെത്തിയ വനപാലക സംഘത്തിനു നേരെ രൂക്ഷമായ ജനകീയ പ്രതിഷേധമാണ് ഉയർന്നത്. നാട്ടുകാർ വനപാലകരെ തടഞ്ഞുവച്ചു. തിരുനെല്ലി പൊലീസ് സ്ഥലത്തെത്തി ഇന്നലെ പുലർച്ചെ രണ്ടോടെയാണു രംഗം ശാന്തമാക്കിയത്. കടുവ ശല്യത്തിന് ഉടൻ പരിഹാരം കണ്ടില്ലെങ്കിൽ പ്രക്ഷോഭം ശക്തമാക്കാനാണു നാട്ടുകാരുടെ തീരുമാനം.

രണ്ടാം വന്ദേ ഭാരത് ട്രെയിൻ കാലിക്കറ്റ് ചേംബറിന്റെ അഭിനന്ദനം

കോഴിക്കോട് :കേരളത്തിന് ഓണ സമ്മാനമായി രണ്ടാമത് വന്ദേ ഭാരത് ട്രെയിൻ അനുവദിച്ചതിൽ കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി റെയിൽവെ മന്ത്രാലയത്തെ അഭിനന്ദിച്ചു. ചേംബറിന്റെ റെയിൽവേ കമ്മിറ്റി യോഗം ചേർന്ന് റെയിൽവേയെ അനുമോദിച്ച് പ്രമേയം അവതരിപ്പിച്ചു.
കൂടാതെ 16511,16512 ബംഗളൂരു–കണ്ണൂർ ട്രെയിൻ കോഴിക്കോട് വരെ നീട്ടാനുള്ള നടപടി വേഗത്തിലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.ചേംബർ ഹാളിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് റാഫി പി ദേവസ്സി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എ പി അബ്ദുള്ളക്കുട്ടി,റെയിൽവേ കമ്മിറ്റി ചെയർമാൻ ഐപ്പ് തോമസ്, കൺവീനർ ഇമ്പിച്ചാമ്മത് എന്നിവർ സംസാരിച്ചു.

ബി.ജെ.പി എം.പി തീവ്രവാദിയെന്ന് അധിക്ഷേപിച്ച ഡാനിഷ് അലിയെ കണ്ട് രാഹുൽ ഗാന്ധി

ന്യൂഡൽഹി: ബി.ജെ.പി എം.പി രമേശ് ബിധുരി തീവ്രവാദിയെന്ന് വിളിച്ച് അധിക്ഷേപിച്ച ബി.എസ്.പി എം.പി ഡാനിഷ് അലിയെ കണ്ട് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാലിനൊപ്പമാണ് രാഹുലെത്തിയത്. കൂടിക്കാഴ്ചക്ക് ശേഷം വെറുപ്പിന്റെ കമ്പോളത്തിൽ സ്നേഹത്തിന്റെ കട തുറക്കുമെന്ന് മാത്രമാണ് അദ്ദേഹം പ്രതികരിച്ചത്.
ചാന്ദ്രയാൻ3യുടെ ചർച്ചക്കിടെയായിരുന്നു രമേശ് ബിധുരി ഡാനിഷ് അലിയെ അധിക്ഷേപിച്ചത്.
തീവ്രവാദി, പിമ്പ്, മുല്ല തുടങ്ങി അധിക്ഷേപവർഷമാണ് ബിധുരി നടത്തിയത്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് പൊട്ടിച്ചിരിക്കുന്ന മുൻ ആരോഗ്യമന്ത്രി ഹർഷവർധന്റെ ദൃശ്യങ്ങൾ വൈറലായിരുന്നു.

രമേശ് ബിധുരിക്കെതിരെ നടപടി ആവശ്യപ്പെട്ട് ഡാനിഷ് അലി സ്പീക്കർക്ക് പരാതി നൽകി. തനിക്കെതിരായ അധിക്ഷേപത്തിൽ വികാരഭരിതനായാണ് അദ്ദേഹം പ്രതികരിച്ചത്.

സിങ്കം പോലുള്ള സിനിമകൾ സമൂഹത്തിന് നൽകുന്നത് തെറ്റായ സന്ദേശം: ബോംബെ ഹൈക്കോടതി ജഡ്ജി

മുംബൈ: അജയ് ദേവഗണിൻറെ സിങ്കം പോലുള്ള സിനിമകൾ സമൂഹത്തിന് നൽകുന്നത് തെറ്റായ സന്ദേശമാണെന്ന് ബോംബെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഗൗതം പട്ടേൽ. നിയമത്തിൻറെ നടപടിക്രമങ്ങൾക്ക് കാത്തുനിൽക്കാതെ വേഗത്തിൽ നീതി നടപ്പാക്കുന്ന നായകനായ പൊലീസിൻറെ സിനിമാറ്റിക് ഇമേജ് വളരെ ദോഷകരമായ സന്ദേശമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.
ഇന്ത്യൻ പൊലീസ് ഫൗണ്ടേഷൻറെ വാർഷിക ദിനവും പൊലീസ് നവീകരണ ദിനവും പ്രമാണിച്ച് സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കവെ, നിയമ നടപടികളോടുള്ള ജനങ്ങളുടെ 'അക്ഷമയെ' അദ്ദേഹം ചോദ്യം ചെയ്തു. അഴിമതിക്കാരും ഉത്തരവാദിത്തമില്ലാത്തവരും എന്ന പൊലീസിനെക്കുറിച്ചുള്ള പൊതുധാരണ ജഡ്ജിമാർ, രാഷ്ട്രീയക്കാർ, പത്രപ്രവർത്തകർ എന്നിവരുൾപ്പെടെയുള്ളവരുടെ കാര്യത്തിലും ബാധകമാണെന്നും ജസ്റ്റിസ് പറഞ്ഞു. കോടതികൾ തങ്ങളുടെ ജോലി ചെയ്യുന്നില്ലെന്ന് പൊതുസമൂഹം ചിന്തിക്കുമ്പോൾ, പൊലീസ് ഇടപെ

ട്ടാൽ അത് ആഘോഷിക്കുകയാണെന്ന് ഗൗതം പട്ടേൽ ചൂണ്ടിക്കാട്ടി.
'ഇതുകൊണ്ടാണ് ഒരു ബലാത്സംഗക്കേസിൽ പ്രതികൾ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുമ്പോൾ കുഴപ്പമില്ലെന്ന് ആളുകൾ കരുതുന്നതും ആഘോഷിക്കപ്പെടുന്നതും. ഇരക്ക് നീതി ലഭിച്ചുവെന്ന് കരുതുന്നു..എന്നാൽ നീതി ലഭിച്ചോ? ഈ വീക്ഷണം ആഴത്തിൽ വ്യാപിക്കുകയും നമ്മുടെ ജനകീയ സംസ്കാരത്തിൽ, പ്രത്യേകിച്ച് ഇന്ത്യൻ സിനിമയിൽ ശക്തമായി പ്രതിഫലിക്കുകയും ചെയ്യുന്നു.. ജസ്റ്റിസ് പട്ടേൽ ചൂണ്ടിക്കാട്ടി. സിനിമകളിൽ ജഡ്ജിമാരെ നിഷ്ക്കളങ്കരും ഭീരുക്കളും കട്ടി കൂടിയ കണ്ണട വയ്ക്കുന്നവരും മോശമായി വസ്ത്രം ധരിക്കുന്നവരുമായി കാണിക്കുന്നു. കുറ്റവാളികളെ വെറുതെ വിടുന്നുവെന്ന് കാട്ടി കോടതിയെ കുറ്റപ്പെടുത്തുന്നു. നായകനായ പൊലീസ് ഒറ്റക്ക് പൊരുതി അതിക്രമത്തിനിരയായവർക്ക് നീതി ലഭ്യമാക്കുന്നു. ..ജസ്റ്റിസ് പറഞ്ഞു.
സൂര്യ നായകനായ തമിഴ് ചിത്രം സിങ്കത്തിൻറെ റീമേക്കാണ് രോഹിത് ഷെട്ടി അതേ പേരിൽ ഹിന്ദിയിലൊരുക്കിയ സിങ്കം. സിങ്കം റിട്ടേൺസ് എന്ന പേരിൽ 2014ൽ ഇതിൻറെ രണ്ടാം ഭാഗവും പുറത്തിറക്കിയിരുന്നു.

'വെറുപ്പിന് കാനഡയിൽ സ്ഥാനമില്ല, ഹിന്ദു വിഭാഗക്കാർ രാജ്യം വിടണമെന്ന ഭീഷണി സന്ദേശം തള്ളി പൊതു സുരക്ഷാ മന്ത്രാലയം

ഒട്ടാവ: ഹിന്ദു വിഭാഗക്കാർ രാജ്യം വിടണമെന്ന ഭീഷണി സന്ദേശം തള്ളി കാനഡ പൊതുസുരക്ഷാ മന്ത്രാലയം. വെറുപ്പിന് കാനഡയിൽ സ്ഥാനമില്ലെന്നും എല്ലാവരും സുരക്ഷിതരാണെന്നും പൊതുസുരക്ഷാ മന്ത്രാലയം എക്സ് പ്ലാറ്റ്ഫോം വഴി അറിയിച്ചു.
വെറുപ്പിന് കാനഡയിൽ സ്ഥാനമില്ല. ഹിന്ദു കനേഡിയൻമാരോട് കാനഡ വിടാൻ ആവശ്യപ്പെടുന്ന ഒരു ഓൺലൈൻ വീഡിയോ പ്രചരിക്കുന്നുണ്ട്. അത് നിനിന്ദ്യവും വെറുപ്പുളവാക്കുന്നതുമാണ്, മാത്രമല്ല അത് കനേഡിയൻമാരെ അപമാനിക്കുന്നതാണ്. ഞങ്ങൾ ആദരിക്കുന്ന മൂല്യങ്ങളെ അവഹേളിക്കുന്നതാണ്'– ഒരു ടീറ്റിൽ പറയുന്നു. ആക്രമണം, വിദ്വേഷം, ഭീഷണിപ്പെടുത്തൽ അല്ലെങ്കിൽ ഭയം പ്രേരിപ്പിക്കുന്ന പ്രവൃത്തികൾക്ക് ഈ രാജ്യത്ത് സ്ഥാനമില്ല, അത് നമ്മെ ഭിന്നിപ്പിക്കാൻ മാത്രമേ സഹായിക്കൂ. പരസ്പരം ബഹുമാനിക്കാനും നിയമവാഴ്ച പിന്തുടരാനും ഞങ്ങൾ എല്ലാ കനേഡിയൻമാരോടും അഭ്യർത്ഥിക്കുന്നു. കനേഡിയൻമാർ അവരുടെ കമ്മ്യൂണിറ്റികളിൽ സുരക്ഷിതത്വം അനുഭവിക്കാൻ അർഹരാണ്– ഇങ്ങനെയാണ് മറ്റൊരു ടീറ്റ്.
ഹിന്ദു കനേഡിയൻസിന് നേരെ ആക്രമണമുണ്ടാവണമെന്നും കരുതിയിരിക്കണമെന്നും ആവശ്യപ്പെട്ട് ഇന്ത്യൻ വംശജനായ എം.പി ചന്ദ്ര ആര്യയുടെ വീഡിയോ സന്ദേശം പുറത്തു വന്നിരുന്നു. അതിനിടെ ഇന്ത്യ–കാനഡ പ്രതിസന്ധി രൂക്ഷമായി തുടരുകയാണ്. ഇന്ത്യക്ക് എതിരായ ആരോപണം ആവർത്തിച്ച് കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ വീണ്ടും രംഗത്ത് വന്നു. ഖലിസ്ഥാൻവാദി ഹർദീപ് സിങ് നിജ്ജാറിന്റെ കൊലയ്ക്കു പിന്നിൽ ഇന്ത്യൻ ഏജന്റുമാരാണെന്ന് ട്രൂഡോ ആരോപിക്കുന്നത്. അന്താരാഷ്ട്ര നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉത്തരവിലാണ് തന്റെ രാജ്യം നിലകൊള്ളുന്നതെന്നും ട്രൂഡോ വ്യക്തമാക്കി.
അതേസമയം കാനഡയിലെ ഖലിസ്ഥാൻ സംഘടനകൾ പ്രതിഷേധത്തിന് ആഹ്വാനം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പഞ്ചാബ് , ഡൽഹി , ഹരിയാന എന്നിവിടങ്ങളിൽ പൊലിസ് നിരീക്ഷണം ശക്തമാക്കി. സിഖ് ഫോർ ജസ്റ്റിസ് അടക്കമുള്ള ഖലിസ്ഥാൻ സംഘടനകൾ ഈ മാസം 25നാണ് പ്രതിഷേധത്തിന് ആഹ്വാനം ചെയ്തിരിക്കുന്നത്. കനേഡിയൻ പൗരന്മാർക്ക് വിസ നൽകുന്നത് ഇന്ത്യ അനിശ്ചിതകാലത്തേക്ക് നിർത്തിയിട്ടുണ്ട്. ഇനിയൊരു അറിയിപ്പ് ഉണ്ടാക്കുന്നത് വരെ വിസ സേവനങ്ങൾ ഇന്ത്യ നിർത്തിവെച്ചിരിക്കുന്നുവെന്ന് കാനഡയിലെ വിസ അപേക്ഷ പോർട്ടലായ ബിഎൽഎസ് ആണ് അറിയിച്ചത്. ഇതോടെ കാനഡയിൽ നിന്ന് ഇന്ത്യയിലേക്ക് വരാൻ തയ്യാറെടുത്തവരുടെ യാത്ര മുടങ്ങും. ഇന്ത്യൻ പൗരന്മാർ വിസ നൽകേണ്ടെന്ന തീരുമാനത്തിലേക്ക് കാനഡ പോകുമെന്ന സൂചനകളും ലഭിക്കുന്നുണ്ട്. കാനഡക്കെതിരെ നടപടി കടുപ്പിക്കാനാണ് ഇന്ത്യയുടെ തീരുമാനം.അതിനിടെ, കാനഡയിൽ ഖലിസ്ഥാൻ നേതാവ് സുഖ്ബൂൽ സിങ് വെടിയേറ്റ് കൊല്ലപ്പെട്ടു.ഹർദീപ് സിംഗ് നിജ്ജാറുടെ കൊലപാതകത്തിന് പിന്നാലെയാണ് സുഖ്ബൂൽ സിങ്ങിന്റെ കൊലപാതകം. ഖാലിസ്ഥാൻ അനുകൂല സംഘടനകൾ തമ്മിലുള്ള തർക്കവും സംഘർഷവുമാണ് കൊലപാതകത്തിന് പിന്നിലെന്നാണ് റിപ്പോർട്ട്.

സൗദി ദേശീയ ദിനം: സ്പെഷ്യൽ ഡൂഡിലുമായി ആഘോഷമാക്കി ഗൂഗിൾ

റിയാദ്: 93ാം ദേശീയ ദിനം ആചരിക്കുന്ന സൗദി അറേബ്യക്ക് ആദരവുമായി ഗൂഗിൾ. ഗൂഗിൾ ഡൂഡിൽ സൗദി അറേബ്യയുടെ ദേശീയ പതാക പ്രത്യേക ചിത്രീകരണത്തോടെ പ്രദർശിപ്പിച്ചാണ് ഗൂഗിൾ ദേശീയ ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്.
"ഇന്നത്തെ ഡൂഡിൽ സൗദി അറേബ്യയുടെ ദേശീയ ദിനം ആഘോഷിക്കുന്നു. 1932 ലെ ഈ ദിവസം, നജ്ദ്, ഹിജാസ് എന്നീ രാജ്യങ്ങൾ ഒന്നിച്ച് സൗദി അറേബ്യ ഔദ്യോഗിക രാജ്യമായി മാറി." ലോകത്തിലെ സെർച്ചിങ് ഭീമനായ ഗൂഗിൾ ബ്ലോഗിൽ കുറിച്ചു.'നമ്മൾ സ്വപ്നം കാണുന്നു, നമ്മൾ നേടുന്നു' എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ദേശീയ ദിനം രാജ്യം കൊണ്ടാടു

ന്നത്. രാജ്യത്തുടനീളം വിവിധ ആഘോഷങ്ങളാണ് ഇന്ന് ഒരുക്കിയിട്ടുള്ളത്. സ്വദേശികളും മലയാളികളുൾപ്പെടെയുള്ള വിദേശികളും ആഘോഷത്തിമിർപ്പിലാണ്. ദേശീയദിനത്തിൽ മികച്ച കലാ–സാംസ്കാരിക അവതരണങ്ങളും സൈനിക പ്രകടങ്ങളും നടക്കുമെന്ന് സൗദി വിനോദ അതോറിറ്റി വ്യക്തമാക്കി.
1932–ൽ അബ്ദുല്ല അൽ–സൗദ് രാജാവിന്റെ രാജകൽപ്പനയിലൂടെ നെജ്ദ്, ഹെജാസ് രാജ്യങ്ങളെ സൗദി അറേബ്യ എന്ന പേരിൽ പുനർനാമകരണം ചെയ്തതിന്റെ ഓർമയിലാണ് രാജ്യം ദേശീയ ദിനം ആചരിക്കുന്നത്. 1932 സെപതംബർ 23 ന് അറബി ദേശീയ ഭാഷയായും ഖുർആൻ ഭരണഘടനയായും സൗദി അറേബ്യ സ്ഥാപിതമായി. ഇസ്ലാമിന്റെ ജന്മസ്ഥലമായ സൗദി അറേബ്യ ഇപ്പോൾ ലോകത്തിലെ വലിയ സാമ്പത്തിക ശക്തിയെന്ന നിലയിൽ വലിയ മുന്നേറ്റമാണ് നടത്തിവരുന്നത്.പൊതുഅവധി ദിനമായ ഇന്നും നാളെയുമായി പ്രതിരോധ മന്ത്രാലയത്തിലിന്റെ നേതൃത്വത്തിൽ വ്യോമ, നാവിക പ്രദർശനങ്ങൾ ഒരുക്കും.
രാജ്യത്തിന്റെ കിഴക്കൻ മേഖലയിലും പടിഞ്ഞാറൻ മേഖലകളിലും നാവിക സേന പരേഡുകളും, കപ്പൽ പരേഡുകളും പ്രദർശനങ്ങളും നടത്തും. ജിദ്ദ കടൽത്തീരത്ത് നാവികസേനയുടെ നാവിക കപ്പലുകളുടെ പരേഡ്, സ്പെഷ്യൽ മറൈൻ സെക്യൂരിറ്റി ഗ്രൂപ്പ് ബോട്ടുകളുടെ പരേഡ്, ഹെലികോപ്റ്റർ എയർ ഷോ, സൈനിക പരേഡ് എന്നിവയുണ്ടാകും.

വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ഇന്ത്യൻ ടീം

ഓസ്ട്രേലിയയെ വീഴ്ത്തി ഇന്ത്യ, ഉജ്ജ്വല ജയം

മൊഹാലി: ഓസ്ട്രേലിയക്കെതിരായ ഒന്നാം ഏകദിന പോരാട്ടത്തിൽ തകർപ്പൻ ജയം സ്വന്തമാക്കി ഇന്ത്യ. അഞ്ച് വിക്കറ്റ് വിജയമാണ് ഇന്ത്യ സ്വന്തമാക്കിയത്.

ഓസ്ട്രേലിയ ഉയർത്തിയ വിജയ ലക്ഷ്യം ഇന്ത്യ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. ഓസ്ട്രേലിയ നിശ്ചിത ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 276 റൺസെടുത്തു. ഇന്ത്യ 48.4 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 281 റൺസ് സ്വന്തമാക്കിയാണ് വിജയിച്ചത്. 19 ഇന്നിങ്സുകൾക്കൊടുവിൽ സൂര്യകുമാർ യാദവ് അർധ സെഞ്ചറി നേടിയെന്നതാണ് ഈ മത്സരത്തിന്റെ ഹൈലൈറ്റ്.

താരമടക്കം നാല് പേർ ഇന്ത്യക്കായി അർധ സെഞ്ചറി നേടി. ക്യാപ്റ്റൻ കെഎൽ രാഹുൽ, ശുഭ്മാൻ ഗിൽ, ഋതുരാജ് ഗെയ്ക്വാദ് എന്നിവരും അർധ ശതകം നേടി.

വിജയത്തിലേക്ക് ബാറ്റേന്തിയ ഇന്ത്യക്കായി ഓപ്പണർമാരായ ഋതുരാജ് ഗെയ്ക്വാദ്, ശുഭ്മാൻ ഗിൽ സഖ്യം സെഞ്ചറി കൂട്ടുകെട്ടുയർത്തി വിജയത്തിനു അടിത്തറയിട്ടു. ഋതുരാജ് ആണ് ആദ്യം മടങ്ങിയത്. താരം 71 റൺസെടുത്തു. ആദം സാംപയാണ് കൂട്ടുകെട്ടു പൊളിച്ചത്. പത്ത് ഫോറുകൾ സഹിതമാണ് താരത്തിന്റെ അർധ സെഞ്ചറി. പിന്നാലെ വന്ന ശ്രേയസ് അയ്യർക്കു തിളങ്ങാനായില്ല. മൂന്ന് റൺസുമായി താരം റണ്ണൗട്ടായി. ഗില്ലിനേയും സാംപ തന്നെ മടങ്ങി. ഗിൽ 63 പന്തിൽ 74 റൺസെടുത്തു. ആറ് ഫോറും രണ്ട് സിക്സും സഹിതമാണ് ഗില്ലിന്റെ പ്രകടനം.

ക്യാപ്റ്റൻ കെഎൽ രാഹുൽ 58 റൺസുമായി പുറത്താകാതെ നിന്നു. താരം നാല് ഫോറും ഒരു സിക്സും പറത്തി. സൂര്യകുമാർ യാദവ് 49 പന്തിൽ അഞ്ച് ഫോറും ഒരു സിക്സും സഹിതം 50 റൺസെടുത്തു മടങ്ങി. വിജയിക്കുമ്പോൾ രാഹുലിനു ഒപ്പം ജഡേജ മൂന്ന് റൺസുമായി പുറത്താകാതെ നിന്നു.

ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 276 റൺസാണ് ബോർഡിൽ ചേർത്തത്. ടോസ് നേടി ഇന്ത്യ ബൗളിങ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യക്കായി മുഹമ്മദ് ഷമി ഉജ്ജ്വലമായി പന്തെറിഞ്ഞു.

താരം അഞ്ച് വിക്കറ്റുകൾ വീഴ്ത്തി. പത്തോവറിൽ 51 റൺസ് വഴങ്ങിയാണ് താരം അഞ്ച് വിക്കറ്റുകൾ വീഴ്ത്തിയത്. താരത്തിന്റെ ഏകദിനത്തിലെ മികച്ച ബൗളിങ് കൂടിയാണിത്. ജസ്പ്രിത് ബുമ്ര, രവീന്ദ്ര ജഡേജ, ആർ അശ്വിൻ എന്നിവർ ഓരോ വിക്കറ്റെടുത്തു.

ഓപ്പണർ ഡേവിഡ് വാർണർ (52), ജോഷ് ഇംഗ്ലിസ് (45), സ്റ്റീവ് സ സ്മിത്ത് (41), മർനസ് ലബുഷെയ്ൻ (39), കാമറൂൺ ഗ്രീൻ (31), മാർക്കസ് സ്റ്റോയിനിസ് (29) എന്നിവരുടെ ബാറ്റിങാണ് ഓസീസിനു പൊരുതാവുന്ന സ്കോർ സമ്മാനിച്ചത്. അവസാന ഘട്ടത്തിൽ ക്യാപ്റ്റൻ പാറ്റ് കമ്മിൻസ് ഒൻപത് പന്തിൽ 21 റൺസെടുത്ത് സ്കോർ 276ൽ എത്തിച്ചു. വാർണർ ആറ് ഫോറും രണ്ട് സിക്സും പറത്തി. കമ്മിൻസ് രണ്ട് ഫോറും ഒരു സിക്സും തൂക്കി. ജോഷ് ഇംഗ്ലിസ് മൂന്ന് ഫോറും രണ്ട് സിക്സും സ്വന്തമാക്കി.

ഹർമൻപ്രീതും ലവ്‌ലിനയും ഇന്ത്യൻ പതാകയേന്തും

ഏഷ്യൻ ഗെയിംസിന് ഇന്ന് ഔദ്യോഗിക തുടക്കം

ഹാങ്ചോ: 19ാം ഏഷ്യൻ ഗെയിംസിന് ചൈനയുടെ ഹാങ്ചോയിൽ ഇന്ന് ഔദ്യോഗിക തുടക്കം.

ഒളിംപിക്സ് സ്പോർട്സ് സെന്ററിലെ ബിഗ് ലോട്ടസ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകിട്ട് 5.30നാണ് ഉദ്ഘാടനച്ചടങ്ങുകൾ ആരംഭിക്കുക. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ വെർചലായി ഒരുമിച്ചു തെളിയിക്കുന്ന ദീപനാളത്തിലൂടെയാകും 19ാം ഗെയിംസിന് തുടക്കമാകുക. ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ്ങും വിവിധ രാജ്യങ്ങളുടെ ഔദ്യോഗിക പ്രതിനിധികളും ഉദ്ഘാടനചടങ്ങിൽ പങ്കെടുക്കും. 45 രാജ്യങ്ങളിൽ നിന്നായി 12417 കായിക താരങ്ങളാണ് ഇത്തവണ ഗെയിംസിൽ മത്സരിക്കുന്നത്. മാർച്ച് പാസ്റ്റിൽ പുരുഷ ഹോക്കി ടീം ക്യാപ്റ്റൻ ഹർമൻപ്രീത് സിങ്ങും വനിതാ ബോക്സിങ് താരം ലവ്‌ലിന ബോർഗോഹെയ്നും ഇന്ത്യൻ പതാകയേന്തും. നാല് വർഷത്തിനുശേഷം ഉത്തര കൊറിയ രാജ്യാന്തര മത്സരവേദിയിലേക്കു തിരിച്ചെത്തുന്നുവെന്നതും ഈ വർഷത്തെ ഗെയിംസിന്റെ പ്രത്യേകതയാണ്. 655 കായിക താരങ്ങളെയാണ് ഇക്കുറി ഗെയിംസിൽ ഇന്ത്യ അണിനിരത്തുന്നത്. 2018ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ 16 സ്വർണമടക്കം 70 മെഡലുകളുമായി എട്ടാം സ്ഥാനത്തായിരുന്നു ഇന്ത്യ. അത്‌ലറ്റിക്സിലാണ് ഇന്ത്യ ഏറെ പ്രതീക്ഷയർപ്പിക്കുന്നത്. ഒപ്പം ഗുസ്തി, ഷൂട്ടിങ്, ബോക്സിങ് തുടങ്ങിയവയിലും മെഡൽ പ്രതീക്ഷിച്ചാണ് ഇന്ത്യ ഇറങ്ങുന്നത്.

മുന്നിൽ ഇനി കപിൽ മാത്രം; അഗാർക്കറുടെ റെക്കോർഡ് മറികടന്ന് ഷമി

ന്യൂഡൽഹി: ഓസ്ട്രേലിയക്കെതിരായ മത്സരത്തിൽ അഞ്ച് വിക്കറ്റ് നേട്ടം കൈവരിച്ചതോടെ മുൻ ഇന്ത്യൻ പേസർ അജിത് അഗാർക്കറുടെ റെക്കോർഡ് മറികടന്ന് മുഹമ്മദ് ഷമി. ഓസ്ട്രേലിയക്കെതിരെ ഏറ്റവും കൂടുതൽ വിക്കറ്റ് നേടുന്ന രണ്ടാമത്ത ഇന്ത്യൻ ബൗളർ എന്ന നേട്ടമാണ് ഷമി കൈവരിച്ചത്. ഒന്നാമതുള്ള കപിൽ ദേവിനെ മറികടക്കാൻ ഷമിക്ക് വേണ്ടത് ഒൻപത് വിക്കറ്റുകൾ മാത്രമാണ്. ഓസ്ട്രേലിയക്കെതിരായ ആദ്യ ഏകദിന മത്സരത്തിൽ 51 റൺസ് വഴങ്ങിയാണ് ഷമി അഞ്ച് വിക്കറ്റ് നേട്ടം കൈവരിച്ചത്. മത്സരത്തിലെ മികച്ച പ്രകടനം ഷമിയെ കളിയിലെ താരവുമാക്കി. ഓസ്ട്രേലിയക്കെതിരെ 23 മത്സരങ്ങളിൽ നിന്നാണ് ഷമി 37 വിക്കറ്റുകൾ വീഴ്ത്തിയത്. 21 മത്സരത്തിൽ നിന്നായിരുന്നു അഗാർക്കറുടെ 36 വിക്കറ്റ് നേട്ടം. ഈ നേട്ടത്തിൽ ഒന്നാമതുള്ള കപിൽ ദേവ് 41 മത്സരങ്ങളിൽ നിന്നാണ് 45 വിക്കറ്റുകൾ വീഴ്ത്തിയത്. ജവഗൽ ശ്രീനാഥും ഹർഭജൻ സിങ്ങുമാണ് നാലും അഞ്ചും സ്ഥാനങ്ങളിൽ.ഓസ്ട്രേലിയക്കെതിരായ ബൗളിങ്ങിൽ മികച്ച മൂന്നാമത്തെ പ്രകടനമാണ് ഷമിയുടേത്.

1983ൽ 43 റൺസിന് അഞ്ച് വിക്കറ്റ് നേട്ടം കൈവരിച്ചതാണ് ഇക്കൂട്ടത്തിൽ ഇന്ത്യയുടെ റെക്കോർഡ് പ്രകടനം. ആദ്യവിജയത്തോടെ മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ ലീഡ് നേടി.

ഇരട്ട ഗോളുമായി കളംനിറഞ്ഞ് ക്രിസ്റ്റ്യാനോ; ത്രില്ലർ പോര് ജയിച്ച് അൽനസ്ർ

ഗോൾ നേടിയ റൊണാൾഡോയെ അഭിനന്ദിക്കുന്ന സഹതാരങ്ങൾ

റിയാദ്: ഇരട്ട ഗോളുമായി ക്രിസ്റ്റ്യാനോ കളംനിറഞ്ഞു കളിച്ച ദിനത്തിൽ അൽനസ്റിന് ഗംഭീര വിജയം. സൗദി പ്രോ ലീഗിൽ നടന്ന ത്രില്ലർ പോരാട്ടത്തിൽ മൂന്നിനെതിരെ നാല് ഗോളിനാണ് അൽഅഹ്ലിയെ ടീം കീഴടക്കിയത്.

നസ്റിനു വേണ്ടി ടാലിസ്ക മറ്റു രണ്ട് ഗോൾ കണ്ടെത്തിയപ്പോൾ ഫ്രാങ്ക് കെസ്സി, റിയാസ് മഹ്റെസ്, ഫെറാസ് അൽബ്രികാൻ എന്നിവരാണ് അൽഅഹ്ലിക്കു വേണ്ടി ലക്ഷ്യംകണ്ടത്.

ഇരു ഹാഫിന്റെയും തുടക്കത്തിൽ തന്നെ ഗോൾവല നിറച്ചാണ് ക്രിസ്റ്റിയാനോ അൽനസ്റിന്റെ പോരാട്ടം നയിച്ചത്. നാലാം മിനിറ്റിൽ തന്നെ സൂപ്പർ താരം ടീമിന്റെ അക്കൗണ്ട് തുറന്നു.

സാദിയോ മാനെ നൽകിയ അസിസ്റ്റിൽനിന്നു തൊടുത്ത ഇടങ്കാലൻ ഷോട്ട് അഹ്ലിയുടെ പോസ്റ്റ് തുളച്ചുകയറി. അധികം വൈകാതെ ബ്രസീലിയൻ മുന്നേറ്റനിര താരം ടാലിസ്കയുടെ ഗോളുമെത്തി. 17-ാം മിനിറ്റിൽ ലപോർട്ടെയുടെ അസിസ്റ്റിൽ പെനാൽറ്റി ബോക്സിനടുത്തു നിന്ന് ഗോൾവലയിലേക്ക് തൊടുത്തു താരം. അൽനസ്ർ-2, അൽഅഹ്ലി-0.ഇതിനുശേഷം ഇഞ്ചോടിഞ്ച് പോരാടിയെങ്കിലും ഗോൾ മടക്കി മത്സരത്തിലേക്ക് തിരിച്ചുവരാൻ 30-ാം മിനിറ്റ് വരെ അഹ്ലിക്കു കാത്തിരിക്കേണ്ടിവന്നു.

അൽമജാദിന്റെ അസിസ്റ്റിൽ മുൻ ബാഴ്സലോണ മധ്യനിര താരം ഫ്രാങ്ക് കെസ്സിയാണ് അഹ്ലിയുടെ ആദ്യ ഗോൾ കണ്ടെത്തിയത്. എന്നാൽ, ആദ്യ പകുതിയിൽ ഇഞ്ചുറി ടൈമിന്റെ അവസാന നിമിഷം കിടിലൻ ഗോളുമായി ടാലിസ്ക വീണ്ടും അഹ്ലിയെ ഞെട്ടിച്ചു.

രണ്ടാം പകുതി ആരംഭിച്ച് അധികം വൈകാതെ അഹ്ലിക്ക് രണ്ടാം ഗോൾ. 50-ാം മിനിറ്റിൽ തുറന്നുകിട്ടിയ പെനാൽറ്റി അവസരം മുതലെടുത്ത് സൂപ്പർ താരം റിയാദ് മഹ്റെസ് ആണ് അൽനസ്റിന്റെ വല കുലുക്കിയത്. ആശ്വസിക്കാൻ നിന്ന അഹ്ലിയെ വീണ്ടും സ്തബ്ധരാക്കി രണ്ട് മിനിറ്റിനകം ക്രിസ്റ്റ്യാനോയുടെ രണ്ടാം ഗോൾ.

മാനെ നീട്ടിനൽകിയ പാസ് കിറുകൃത്യം പോസ്റ്റിലാക്കി ക്രിസ്റ്റിയാനോ നസ്റിന്റെ നാലാം ഗോൾ കുറിച്ചു.

വാശി മുറുകിയ മത്സരത്തിൽ മത്സരം അവസാനിക്കാൻ ഏതാനും മിനിറ്റുകൾ ബാക്കിനിൽക്കെ ഗോൾ മടക്കി മത്സരത്തിലേക്കു തിരിച്ചുവരാനുള്ള നീക്കം നടത്തി അഹ്ലി.

പകരക്കാരനായി എത്തിയ ഫെറാസ് അൽബ്രികാൻ ആണ് ഇത്തവണ ലക്ഷ്യംകണ്ടത്. എന്നാൽ, പിന്നീടങ്ങോട്ട് നസ്റിന്റെ പ്രതിരോധം ഭേദിച്ച് ഗോൾ വല നിറക്കാനുള്ള അഹ്ലിയുടെ നീക്കമൊന്നും ഫലംകണ്ടില്ല.

ലീഗിൽ തുടർച്ചയായി നാലാം മത്സരമാണ് അൽനസ്ർ വിജയിക്കുന്നത്. സീസണിലെ ആദ്യ രണ്ടു മത്സരത്തിലെ നിരാശപ്പെടുത്തുന്ന പ്രകടനത്തിനുശേഷമായിരുന്നു ടീം വിജയവഴിയിൽ തിരിച്ചെത്തിയത്.

ഇന്നലത്തെ വിജയത്തോടെ സൗദി പ്രോലീഗിൽ അൽഅഹ്ലിക്കൊപ്പം അഞ്ചാം സ്ഥാനത്താണ് ക്രിസ്റ്റ്യാനോയുടെ സംഘം.

പുതിയ പരിശീലകനെ നിയമിച്ച് ജർമനി ഫുട്ബോൾ ടീം

മ്യൂണിക്ക്: ജർമൻ ഫുട്ബോൾ ടീമിനെ ഉടച്ചു വാർക്കാനുള്ള ചുമതല യുവ പരിശീലകരിൽ ശ്രദ്ധേയനായ മുൻ ബയേൺ മ്യൂണിക്ക് കോച്ച് ജൂലിയൻ നാഗൽസ്മാനു തന്നെ.

ഹാൻസി ഫ്‌ലിക്കിന്റെ പകരക്കാരനായി നാഗൽസ്മാനെ നിയമിച്ചതായി ജർമനി ഫുട്ബോൾ അധികൃതർ സ്ഥിരീകരിച്ചു. അടുത്ത വർഷം ജർമൻ മണ്ണിൽ അരങ്ങേറുന്ന യൂറോ കപ്പ് പോരാട്ടം വരെയാണ് നാഗൽസ്മാന്റെ നിയമനം. അതിനു ശേഷം ലിവർപൂൾ പരിശീലകൻ യുർഗൻ ക്ലോപ്പായിരിക്കും ജർമനിയുടെ മുഖ്യ പരിശീലകൻ.

ആധുനിക ഫുട്ബോളിലെ ഏറ്റവും പ്രതിഭാധനനായ പരിശീലകൻ എന്ന നിലയിൽ ശ്രദ്ധേയനാണ് 36കാരനായ നാഗൽസ്മാൻ. 28ാം വയസിൽ ഹോഫൻഹെയിമിന്റെ പരിശീലകനായി കോച്ചിങ് കരിയർ ആരംഭിച്ച നാഗൽസ്മാൻ പിന്നീട് ആർബി ലെയ്പ്സിഗിന്റെ കോച്ചായി. അവരെ ചാമ്പ്യൻസ് ലീഗ് യോഗ്യരാക്കിയതടക്കമുള്ള നേട്ടങ്ങൾ.

അതിനു പിന്നാലെയാണ് 2021ൽ ബയേൺ മ്യൂണിക്കിന്റെ പരിശീലകനായി എത്തിയത്. ബയേണിനൊപ്പം ബുണ്ടസ് ലീഗ, രണ്ട് തവണ ജർമൻ സൂപ്പർ കപ്പ് കിരീട നേട്ടങ്ങൾ. 2019-20ൽ യുവേഫയുടെ മികച്ച പരിശീലകനുള്ള പുരസ്കാരം നേടിയിരുന്നു. 2017ൽ ജർമൻ ഫുട്ബോൾ മാനേജർ പുരസ്കാരവും സ്വന്തമാക്കി. 2020ലെ യൂറോ കപ്പിനു പിന്നാലെ ജോക്വിം ലോ സ്ഥാനമൊഴിഞ്ഞതിനു പിന്നാലെയാണ് മുൻ ബയേൺ പരിശീലകനും 2014ൽ ലോക കപ്പ് നേടിയ ജർമൻ ടീം അസിസ്റ്റന്റ് കോച്ചുമായ ഹാൻസി ഫ്ളിക്കിനെ പരിശീലകനായി നിയമിച്ചത്. എന്നാൽ ടീമിന്റെ പ്രകടനം ദയനീയമായിരുന്നു. ഖത്തർ ലോകകപ്പിന്റെ ഗ്രൂപ്പ് സ്റ്റേജിൽ തന്നെ പുറത്തായ ടീം സമീപ കാലത്ത് അഞ്ചിൽ നാല് മത്സരങ്ങളും തോറ്റു. പോളണ്ട്, കൊളംബിയ പിന്നാലെ ജപ്പാനോടും തോറ്റതോടെയാണ് ഫ്ളിക്കിന്റെ കസേര തെറിച്ചത്.

അതിനു ശേഷം ദേശീയ ഫുട്ബോൾ ടീം ഡയറക്ടറും മുൻ ക്യാപ്റ്റനും കോച്ചുമായ റൂഡി വോളറുടെ താത്കാലിക പരിശീലനത്തിൽ ജർമനി ഫ്രാൻസിനെ നേരിടാനിറങ്ങി. 2-1ന്റെ ജയവും സ്വന്തമാക്കി.

വംശീയാധിക്ഷേപത്തിൽ പരാതി നൽകി ബ്ലാസ്റ്റേഴ്സ്

കൊച്ചി: ഇന്ത്യൻ സൂപ്പർ ലീഗ് ഉദ്ഘാടന മത്സരത്തിനിടെ കേരള ബ്ലാസ്റ്റേഴ്സ് താരത്തെ വംശീയമായി അധിക്ഷേപിച്ച സംഭവത്തിൽ ബ്ലാസ്റ്റേഴ്സ് ടീം പരാതി നൽകി. ബ്ലാസ്റ്റേഴ്സ് താരം ഐബൻ ദോലിങ്ങിനെ ബംഗ്ലൂരു എഫ് എസി താരം റയാൻ വില്യംസ് വംശീയമായി അധിക്ഷേപിച്ചെന്നാണ് പരാതി. സംഭവത്തിൽ റയാൻ വില്യംസിനെതിരെ നടപടി ആവശ്യപ്പെട്ട് ബ്ലാസ്റ്റേഴ്സ് ആരാധകക്കൂട്ടായ്മ മഞ്ഞപ്പടയും നേരത്തെ രംഗത്ത് വന്നിരുന്നു.

മത്സരത്തിന്റെ 82ആം മിനിറ്റിൽ ഫൗളിനെ ചൊല്ലി ഇരു താരങ്ങളും തമ്മിലുണ്ടായ തർക്കത്തിനിടെയാണ് വംശീയാധിക്ഷേപമുണ്ടായത്. വംശീയതയോട് ഒട്ടും സഹിഷ്ണുതയില്ലെന്നും ഐബനോട് റയാൻ ചെയ്ത നടപടിയെ ശക്തമായി അപലപിക്കുകയാണെന്നും മഞ്ഞപ്പട എക്സിൽ കുറിച്ചു. സംഭവത്തിൽ റയാനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനോടും ഐ.എസ്.എൽ മാനേജ്മെന്റിനോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളിന് ബംഗളൂരുവിനെ ബ്ലാസ്റ്റേഴ്സ് തോൽപിച്ചിരുന്നു. നായകൻ അഡ്രിയാൻ ലൂണയുടെ ഗോളും ബംഗളൂരുവിന്റെ കസിയ വീൻഡോർപ്പിന്റെ സെൽഫ് ഗോളുമാണ് മഞ്ഞപ്പടയെ തുണച്ചത്. പകരക്കാരനായി ഇറങ്ങിയ കർട്ടിസ് മെയിനാണ് ബംഗളൂരുവിനായി ലക്ഷ്യം കണ്ടത്.

തോബ്, ബിഷ്ത്, കരവാൾ... പാരമ്പര്യ സൗദി ഗെറ്റപ്പിൽ ഞെട്ടിച്ച് ക്രിസ്റ്റ്യാനോയും മാനെയും

റിയാദ്: പാരമ്പര്യ സൗദിവസ്ത്രങ്ങളിൽ ആരാധകരെ ഞെട്ടിച്ച് സൂപ്പർ താരങ്ങളായ ക്രിസ്റ്റ്യാനോ റൊണാൾഡോയും സാദിയോ മാനെയും. തോബും ബിഷ്തും തലപ്പാവും ധരിച്ച് കൈയിൽ വാളും പിടിച്ചുനിൽക്കുന്ന ക്രിസ്റ്റ്യാനോയുടെയും മാനെയുടെയും ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലാണ്.

സൗദി ദേശീയദിനത്തോടനുബന്ധിച്ച് അൽ-നസ്ർ ക്ലബാണ് വിഡിയോ പുറത്തുവിട്ടത്.ഒറ്റ പതാകയ്ക്കു വേണ്ടി എല്ലാവരും ഒന്നിച്ച് എന്ന അടിക്കുറിപ്പോടെയാണ് അൽ-നസ്ർ വിഡിയോ സോഷ്യൽ മീഡിയയിൽ പങ്കുവച്ചത്. നമ്മൾ സ്വപ്നം കാണുകയും അത് നേടിയെടുക്കുകയും ചെയ്യുന്നുവെന്നും പോസ്റ്റിൽ പറയുന്നു. രണ്ടര മിനിറ്റ് വിഡിയോയിൽ വിങ്ങർ അബ്ദുൽ റഹ്മാനും ഗോൾ കീപ്പർ നവാഫ് അൽആഖിദിയും ആഘോഷങ്ങൾക്കായി ബാൻഡ് വാദ്യങ്ങൾ ഒരുക്കുന്നതു കാണാം. കീപ്പർ വലീദ് അബ്ദുല്ല പോർച്ചുഗീസ് മധ്യനിര താരം ഒറ്റാവിയോയ്ക്ക് അറബ് കോഫി പകരുന്നു.ബ്രസീൽ താരം ടാലിസ്ക കോച്ച് ലൂയിസ് കാസ്ട്രോയുടെ ഖമീസിന് അളവെടുക്കുകയാണ്.

പിന്നാലെയാണ് തോളിൽ വാളുമേന്തി മാനേ എത്തുന്നത്. ഒടുവിൽ ആരവങ്ങൾക്കു നടുവിലേക്ക് പാരമ്പര്യവസ്ത്രങ്ങളുടുത്ത്, കിടിലൻ സൗദി ഗെറ്റപ്പിൽ ക്രിസ്റ്റ്യാനോയുടെ മാസ് എൻട്രി. സഹതാരങ്ങളായ അബ്ദുല്ല അൽഖൈബാരി, മേഴ്സലോ ബ്രോസോവിച്ച്, സുൽത്താൻ അൽഗാനം എന്നിവർക്കൊപ്പം സൗദി നാടോടിനൃത്തമായ 'അർദാ'യ്ക്ക് ചുവടുംവയ്ക്കുന്നുണ്ട് സൂപ്പർ താരം.

പോസ്റ്റ് ചെയ്ത് മണിക്കൂറുകൾക്കകം തന്നെ 20 ലക്ഷത്തോളം പേരാണ് വിഡിയോ ട്വിറ്ററിൽ കണ്ടത്. ഫേസ്ബുക്കിൽ 2.40 ലക്ഷമാണു കാഴ്ചക്കാരുടെ എണ്ണം. ഇൻസ്റ്റഗ്രാമിൽ 1.90 ലക്ഷം പേരും കണ്ടിട്ടുണ്ട്.

എല്ലായിടത്തും ഇന്ത്യ: നീലയിൽ മുങ്ങി ഐ.സി.സി റാങ്കിങ്

ന്യൂഡൽഹി: ഐ.സി.സി പുരുഷ റാങ്കിങ്ങിൽ ഇന്ത്യയുടെ സമഗ്രാധിപത്യം. ഏഷ്യാകപ്പ് ജേതാക്കളായതിന് പിന്നാലെ പുറത്തുവന്ന ഐ.സി.സി റാങ്കിങ്ങിലാണ് ടീം ഇന്ത്യയും താരങ്ങളും ഒരുപോലെ അപ്രമാദിത്യം ഉറപ്പിച്ചത്.ടെസ്റ്റ്, ഏകദിനം, ട്വന്റി 20 എന്നീ മൂന്ന് ഫോർമാറ്റുകളിലും ഇന്ത്യയാണ് അമരത്തുള്ളത്. ടെസ്റ്റിൽ ആസ്ട്രേലിയയും ഏകദിനത്തിൽ പാകിസ്താനും ട്വന്റി 20യിൽ ഇംഗ്ലണ്ടുമാണ് ഇന്ത്യക്ക് തൊട്ടുപിന്നിലുള്ളത്.കൂടാതെ വ്യക്തിഗത റാങ്കിങ്ങിലും ഇന്ത്യൻ താരങ്ങൾക്ക് ആധിപത്യമുണ്ട്. ട്വന്റി 20 ബാറ്റിങ് റാങ്കിങ്ങിൽ ഇന്ത്യയുടെ സൂര്യകുമാർ യാദവ് 889 റേറ്റിങ്ങുമായി ഒന്നാമത് തുടരുന്നു. ട്വന്റി 20 ഓൾറൗണ്ടർ റാങ്കിങ്ങിൽ ഹാർദിക് പാണ്ഡ്യ രണ്ടാമതുണ്ട്. ബംഗ്ലദേശിന്റെ ഷാകിബ് അൽ ഹസനാണ് ഒന്നാമത്.ഏഷ്യാകപ്പിലെ ഉജ്ജ്വല പ്രകടനത്തോടെ ഏകദിന ബൗളിങ് റാങ്കിങ്ങിൽ മുഹമ്മദ് സിറാജ് ഒന്നാമനായിരുന്നു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.